22

NAUTICAL TIMES
KERALA

2022
ഫെബ്രുവരി
ചൊവ്വ
കുംഭം 10

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 244 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-244 പേജ് 4. വില 2.00 രൂപ

02 വയനാട് ഇരട്ടക്കൊല; പ്രതിക്ക് വധശിക്ഷ

03 ചൂട് വർധിച്ചു: ജോലി സമയം പുനഃക്രമീകരിച്ചു

04 പ്ലസ് ടു അധ്യാപകർക്കു കൂട്ട സ്ഥലംമാറ്റം

ലൈഫ് പദ്ധതി

2,75,000 പേർക്കു വീട് നൽകി: മുഖ്യമന്ത്രി

ഭവന രഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള ശ്രമവുമായി ആരംഭിച്ച ലൈഫ് പദ്ധതിയിലൂടെ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2.75 ലക്ഷം വീടുകൾ പൂർത്തിയാക്കാനായെന്നു മുഖ്യമന്ത്രി പിണറായി വിജയൻ.

സർക്കാരിന്റെ ഒന്നാം വാർഷികത്തിനു മുന്നോടിയായുള്ള 100 ദിന കർമ പരിപാടിയിൽപ്പെടുത്തി ലൈഫ് മിഷനിലൂടെ 20,000 വീടുകളും മൂന്നു ഭവന സമുച്ചയങ്ങളും കൈമാറാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം കോർപ്പറേഷൻ വിഴിഞ്ഞം മതിപ്പുറത്ത് നിർമിച്ച 320 ഭവനങ്ങൾ ഉൾപ്പെടുന്ന ഭവന സമുച്ചയത്തിന്റെ താക്കോൽദാനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ലൈഫിന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത, ഭവനരഹിതരുടെ പുനരധിവാസത്തിനു മുന്തിയ പ്രാധാന്യം നൽകുകയാണെന്നു മുഖ്യമന്ത്രി പറഞ്ഞു. ഇതിന്റെ ഭാഗമായി ആവിഷ്കരിച്ച 'മനസോടിത്തിരി മണ്ണ്' ക്യാംപെയിനിൽ നിരവധി സുമനസുകൾ ഭൂമി നൽകി സഹകരിച്ചിട്ടുണ്ട്. കൂടുതൽ പേർ സഹകരിച്ചു പദ്ധതി വിജയപ്രദമാക്കണം. ജനങ്ങൾക്കു നൽകുന്ന വാഗ്ദാനങ്ങൾ സമയബന്ധിതമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കാനാണ് 100 ദിന കർമപരിപാടി പോലുള്ളവ സംഘടിപ്പിക്കുന്നത്. കേരളത്തെ മൂന്നാം സഹസ്രാബ്ദത്തിന്റെ വെല്ലുവിളി നേരാടാൻ കഴിയുംവിധം നവകേരളമാക്കി പുനർനിർമിക്കാൻ ഉതകുന്ന പരിപാടികളാണ് അവതരിപ്പിച്ചിട്ടുള്ളത്. സാമൂഹിക, സാമ്പത്തിക മേഖലകളിൽ സൂക്ഷ്മമായി ഇടപെട്ട് കേരളത്തെ വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കും മുഖ്യമന്ത്രി പറഞ്ഞു.

രാജീവ് ആവാസ് യോജന പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം മതിപ്പുറത്ത് 72 കോടി ചെലവിൽ 1032 വീടുകളും അനുബന്ധ സൗകര്യങ്ങളും നിർമിക്കാനാണു നഗരസഭ തീരുമാനിച്ചിട്ടുള്ളതെന്നു മുഖ്യന്ത്രി ചൂണ്ടിക്കാട്ടി. നാലു ഘട്ടങ്ങളിലായാണു നടപ്പാക്കുന്നത്. വീടുകൾക്കു പുറമേ 1000 പേർക്ക് ഉപയോഗിക്കാവുന്ന കമ്യൂണിറ്റി ഹാൾ, രണ്ടു പഠന കേന്ദ്രങ്ങൾ, അംഗൻവാടി, ഹെൽത്ത് ക്ലിനിക്ക്, ഡ്രൈ ഫിഷ് പ്രൊസസിങ് യൂണിറ്റ്, വസ്ത്ര യൂണിറ്റ് തുടങ്ങിയയാണു വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യ രണ്ടു ഘട്ടങ്ങൾ പൂർത്തിയായി. ആദ്യ ഘട്ടത്തിൽ 222 വീടുകളും അംഗൻവാടിയും കമ്യൂണിറ്റി ഹാളും പഠന കേന്ദ്രവും പൂർത്തിയാക്കി.

രണ്ടാം ഘട്ടത്തിൽ 320 കുടുംബങ്ങൾക്കുള്ള ഭവന സമുച്ചയം പൂർത്തിയാക്കി. കേന്ദ്ര, സംസ്ഥാന, നഗരസഭാ വിഹിതങ്ങൾ ഉപയോഗിച്ചാണു പദ്ധതി നടപ്പാക്കുന്നത്. ആദ്യ രണ്ടു ഘട്ടങ്ങൾക്ക് 18.57 കോടിയാണു കേന്ദ്ര വിഹിതം. 11.14 കോടി സംസ്ഥാന വിഹിതവും 18.73 കോടി നഗരസഭയും വഹിക്കുന്നു. പദ്ധതിക്കായി സംസ്ഥാനവും നഗരസഭയും 62 ശതമാനത്തോളം ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഭവന സമുച്ചയത്തിനു സമീപം തയാറാക്കിയ പ്രത്യേക വേദിയിൽവച്ചാണു മുഖ്യമന്ത്രി കുടുംബങ്ങൾക്കു ഭവനങ്ങളുടെ താക്കോലുകൾ കൈമാറിയത്. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിനാവശ്യമായ ഭൂമി ലഭ്യത ഉറപ്പാക്കാൻ ആരംഭിച്ച മനസോടിത്തിരി മണ്ണ് പദ്ധതിയിലേക്കു നിരവധി പേർ സഹായവുമായി എത്തുകയാണെന്നും ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യപ്രാപ്തിക്കായി കൂടുതൽ പേർ ഇതിനോടു സഹകരിക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു. ഫിഷറീസ് മന്ത്രി സജി ചെറിയാൻ, പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, ഗതാഗത മന്ത്രി ആന്റണി രാജു, ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ, ഡോ. ശശി തരൂർ എം.പി, എം. വിൻസന്റ് എം.എൽ.എ, മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ഭാരവാഹികൾ, കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.

സിപിഐ(എം) സംസ്ഥാന സമ്മേളനം പതാകദിനം ആചരിച്ചു

മാർച്ച് 1 മുതൽ 4 വരെ എറണാകുളത്ത് നടക്കുന്ന സിപിഐ(എം) സംസ്ഥാന സമ്മേളനത്തിൻറെ ഭാഗമായി പതാകദിനം ആചരിച്ചു. ജില്ലാകേന്ദ്രത്തിലും ഏരിയാ കേന്ദ്രങ്ങളിലും, ലോക്കൽ ബ്രാഞ്ച് കേന്ദ്രങ്ങളിലുമാണ് ദിനാചരണം നടന്നത്. കൊല്ലം ജില്ലാകമ്മിറ്റി ഓഫീസിൽ ജില്ലാസെക്രട്ടറി എസ്.സുദേവൻ പതാക ഉയർത്തി.

സജീവൻെറ ആത്മഹത്യ: ആറു റവന്യു ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

കൊച്ചി: ഭൂമി തരംമാറ്റാൻ അപേക്ഷ നൽകി സർക്കാർ ഓഫീസുകൾ കയറിയിറങ്ങി മടുത്ത് മനംനൊന്ത് സജീവൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ ആറു റവന്യൂ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു. ഫോർട്ടുകൊച്ചി ആർഡിഒ ഓഫീസിലെ ഉദ്യോഗസ്ഥരായിരുന്ന ജൂണിയർ സൂപ്രണ്ട് സി.ആർ. ഷനോജ്കുമാർ, സീനിയർ ക്ലാർക്കുമാരായ സി.ജെ. ഡെൽമ, ഒ.ബി. അഭിലാഷ്, സെക്ഷൻ ക്ലാർക്ക് മുഹമ്മദ് അസ്ലം, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് കെ.സി. നിഷ, എൽഡി ടൈപ്പിസ്റ്റ് ടി.കെ. ഷമീം എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. ഇവർ ഇപ്പോൾ മറ്റു റവന്യു ഓഫീസുകളിൽ ജോലി ചെയ്തുവരികയാണ്.

ലാൻഡ് റവന്യു ജോയിൻറ് കമ്മീഷണർ ജെറോമിക് ജോർജിൻറെ അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. അപേക്ഷയിൽ നടപടി സ്വീകരിക്കാൻ ഓരോ സെക്ഷനിലും കാലതാമസമുണ്ടായെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അപേക്ഷ സ്കാൻ ചെയ്തു ക്ലറിക്കൽ സീറ്റിലേക്ക് നല്കാനും തപാൽ സെക്ഷനിലെ അപേക്ഷ സ്കാൻ ചെയ്തു ക്ലറിക്കൽ സീറ്റിലേക്ക് നല്കാനും 81 ദിവസം വീതമെടുത്തതായും പിന്നീട് ഒരു നടപടിയും സ്വീകരിക്കാതെ 78 ദിവസം കിടന്നതായും അന്വേഷണ റിപ്പോർട്ടിലുണ്ട്.

ഫെബ്രുവരി രണ്ടിനാണ് പറവൂരിൽ മത്സ്യത്തൊഴിലാളിയായ സജീവൻ ആത്മഹത്യ ചെയ്തത്.

തലശ്ശേരിയിൽ മത്സ്യത്തൊഴിലാളിയെ വെട്ടിക്കൊന്നു; കാൽ അറുത്തുമാറ്റി

തലശ്ശേരി: തലശ്ശേരി പുന്നോലിൽ സിപിഎം പ്രവർത്തകനെ വെട്ടിക്കൊന്നു. കൊരമ്പയിൽ താഴെ കുനിയിൽ ഹരിദാസൻ (54) ആണ് കൊല്ലപ്പെട്ടത്. പുലർച്ചെ ഒന്നരയോടെയായിരുന്നു സംഭവം. കൊലപാതകത്തിനു പിന്നിൽ ആർ.എസ്.എസ്. ആണെന്ന് സിപിഎം ആരോപിച്ചു. സംഭവത്തിൽ പ്രതിഷേധിച്ച് ന്യൂമാഹിയിലും തലശ്ശേരിയിലും ഹർത്താൽ പ്രഖ്യാപിച്ചു.

സിപിഎമ്മിന്റെ സജീവ പ്രവർത്തകനാണ് മരിച്ച ഹരിദാസൻ. മത്സ്യത്തൊഴിലാളിയായ ഹരിദാസൻ ജോലി കഴിഞ്ഞ് രാത്രിയോടെ മടങ്ങിവരുമ്പോഴാണ് നിഷ്ഠൂരമായ കൊലപാതകം നടന്നത്. ഹരിദാസന്റെ വീടിന്റെ മുന്നിൽവെച്ച് ഒരു സംഘം ആൾക്കാൾ പതിയിരുന്ന് ആക്രമിക്കുകയായിരുന്നെന്നാണ് റിപ്പോർട്ട്. ഒരു കാൽ വെട്ടിമാറ്റിയ നിലയിലാണ്. മൃതദേഹത്തിൽ നിരവധി വെട്ടുകൾ ഏറ്റിട്ടുണ്ട്. ശബ്ദം കേട്ടെത്തിയ നാട്ടുകാർ തലശ്ശേരി സഹകരണ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഹരിദാസൻ മരിച്ചിരുന്നു. പിന്നീട് മൃതദേഹം പരിയാരം മെഡിക്കൽ കോളേജിലേക്ക് മാറ്റി. പ്രദേശത്ത് പ്രശ്നങ്ങളൊന്നും നിലനിന്നിരുന്നില്ല എന്നാണ് വിവരം.

'കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരും' കണ്ണൂർ കൊലപാതകത്തെ അപലപിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: കണ്ണൂർ ന്യൂമാഹിയിലെ സിപിഎം പ്രവർത്തകൻ ഹരിദാസിൻറെ കൊലപാതകത്തെ ശക്തമായി അപലപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. സംഭവത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ പോലീസിന് കർശന നിർദേശം നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു.

നിലവിൽ പോലീസ് അന്വേഷണം മുന്നോട്ടു പോവുകയാണ്. മത്സ്യത്തൊഴിലാളിയായ ഹരിദാസ് പുലർച്ചെ ജോലി കഴിഞ്ഞ് തിരിച്ചെത്തിയപ്പോഴാണ് കൊല ചെയ്യപ്പെട്ടത്. സമാധാന അന്തരീക്ഷം നിലനിൽക്കുന്ന പ്രദേശത്ത് അത് തകർക്കാൻ നടത്തിയ ആസൂത്രിത സംഭവമാണിത് എന്നാണ് വ്യക്തമാകുന്നത്.

നാട്ടിൽ കലാപമുണ്ടാക്കാനുള്ള ഇത്തരം ശ്രമങ്ങളെ നാടൊന്നാകെ ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്. പ്രകോപനത്തിൽ വീഴാതെ പ്രദേശത്തെ സമാധാന അന്തരീക്ഷം നിലനിർത്താൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു. ഹരിദാസിൻറെ കുടുംബത്തിൻറെയും സഹപ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് അക്രമിസംഘങ്ങളുടെ അഴിഞ്ഞാട്ടമെന്ന് വി.ഡി. സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്ത് അക്രമിസംഘങ്ങളുടെ അഴിഞ്ഞാട്ടമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. കണ്ണൂർ തലശേരിയിൽ സിപിഎം പ്രവർത്തകൻ ഹരിദാസൻ കൊല്ലപ്പെട്ട സംഭവത്തെയും പ്രതിപക്ഷ നേതാവ് അപലപിച്ചു.

ബിജെപിആർ എസ്എസ് പ്രവർത്തകരാണ് തലശേരി കൊലപാതകത്തിന് പിന്നിലെന്നാണ് സിപിഎം ആരോപണം. ആർഎസ്എസ്സിപിഎം പോർവിളി കണ്ണൂരിനെ നേരത്തെയും ചോരക്കളമാക്കിയതാണ്. ഈ ചോരക്കളി പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ലെന്നും സതീശൻ പറഞ്ഞു.

സംസ്ഥാനത്ത് കൊല്ലും കൊലയും അക്രമസംഭവങ്ങളും സർവസാധാരണമായെന്നും ക്രമസമാധാനനില പൂർണമായും തകർന്നുവെന്നും സതീശൻ കുറ്റപ്പെടുത്തി. കൊലവിളി മുഴക്കി ഗുണ്ടാ സംഘങ്ങൾ പോലീസിനെ പോലും വെല്ലുവിളിക്കുകയാണ്. ജനങ്ങളുടെ ജീവന് സുരക്ഷിതത്വവുമില്ല. പോലീസും ആഭ്യന്തര വകുപ്പും നിഷ്ക്രിയമാണ്. പോലീസിനെ ഭരിക്കുന്നത് സിപിഎമ്മാണ്. ആഭ്യന്തര വകുപ്പിൽ മുഖ്യമന്ത്രിക്ക് യാതൊരു നിയന്ത്രണവുമില്ല. സർക്കാരിന് ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമാണ്. ഒറ്റപ്പെട്ട സംഭവം എന്നത് കേരളത്തിലെ ഏറ്റവും വലിയ തമാശയായി മാറികഴിഞ്ഞുവെന്നും സതീശൻ പരിഹസിച്ചു.

റോയി വയലാട്ടിൻെറ മുൻകൂർ ജാമ്യാപേക്ഷ ഇന്ന്, തള്ളിയാൽ ഉടൻ അറസ്റ്റ്

കൊച്ചി: ഫോർട്ടുകൊച്ചിയിലെ നമ്പർ 18 ഹോട്ടലിലെ പോക്സോ കേസിൽ ഹോട്ടലുടമ റോയി വയലാട്ടിൻറെയും കൂട്ടാളികളുടെയും മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി ഇന്നു പരിഗണിക്കും. ജാമ്യാപേക്ഷ തള്ളിയാൽ ഉടൻ അറസ്റ്റ് ചെയ്യാനാണ് അന്വേഷണ സംഘത്തിൻറെ നീക്കം. അന്വേഷണവുമായി റോയി സഹകരിക്കുന്നില്ലെന്നു കഴിഞ്ഞ ദിവസം പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചിരുന്നു.

അതിനാൽ പ്രതികളെ കസ്റ്റഡിയിൽ വേണമെന്നായിരുന്നു പ്രോസിക്യൂഷൻറെ ആവശ്യം. രണ്ടാം പ്രതി സൈജു തങ്കച്ചനെ അന്വേഷണ സംഘം ചോദ്യം ചെയ്തിരുന്നു. ഇയാളിൽനിന്നു നിർണായകമായ പല വിവരങ്ങളും ലഭിച്ചതായാണ് സൂചന. മൂന്നാം പ്രതിയായ കോഴിക്കോട് സ്വദേശി അഞ്ജലി ഇപ്പോഴും ഒളിവിലാണ്.

ഇവരെ കണ്ടെത്താനായി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അതേസമയം, സിസിടിവി ദൃശ്യങ്ങൾ അടക്കമുള്ള തെളിവുകൾ അന്വേഷണ സംഘം ശേഖരിച്ചതായാണ് അറിയുന്നത്. പരാതിക്കാരിയെ പ്രതികൾ കൊണ്ടുപോയി എന്നു പറയുന്ന സ്ഥലങ്ങളിൽനിന്നുള്ള വിവരങ്ങളും അന്വേഷണ സംഘം ശേഖരിച്ചിട്ടുണ്ട്.

വിഴിഞ്ഞം മതിപ്പുറം 320 ഭവനങ്ങളുടെ താക്കോൽ കൈമാറൽ മുഖ്യമന്ത്രി നിർവ്വഹിച്ചു

തിരുവനന്തപുരം നഗരസഭ രാജീവ് ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി വിഴിഞ്ഞം മതിപ്പുറം പട്ടാണി കോളനിയിൽ പൂർത്തീകരിച്ച ഭവനസമുച്ചയത്തിൻറെ ഉദ്ഘാടനവും താക്കോൽ കൈമാറലും മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പദ്ധതിയുടെ രണ്ടാംഘട്ടമായി പൂർത്തീകരിച്ച 320 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയമാണ് ഉദ്ഘാടനം ചെയ്തത്. ഭവനരഹിതരില്ലാത്ത സംസ്ഥാനമായി കേരളം മാറുന്നതിൻറെ ഭാഗമായാണ് ഈ ഭവനപദ്ധതിയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

ഇവിടെ 4 ഘട്ടങ്ങളിലായി ആകെ 1032 കുടുംബങ്ങൾക്കാണ് വീടുകളും അനുബന്ധ സൌകര്യങ്ങളും ഒരുങ്ങുന്നത്. ഒന്നാംഘട്ടത്തിൽ 222 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ കൈമാറിയിട്ടുള്ളതാണ്. രണ്ടാംഘട്ടത്തിൽ പൂർത്തീകരിച്ച ഭവനങ്ങളുടെ കൈമാറ്റമാണ് ഈ അവസരത്തിൽ നടന്നത്. അടുത്തഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗത്തിൽ തന്നെ ആരംഭിക്കാൻ കഴിയുമെന്ന് മേയർ അറിയിച്ചു. മത്സ്യത്തൊഴിലാളികളടക്കമുള്ള ഭവനരഹിതരുടെ പുനരധിവാസമാണ് ഈ പദ്ധതിയുടെ ഭാഗമായി നടക്കുന്നത്. ഭവനസമുച്ചയത്തോടൊപ്പം അനുബന്ധ സൌകര്യങ്ങളും പൂർണ്ണമായും സജ്ജമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി.ഗോവിന്ദൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാരായ വി.ശിവൻകുട്ടി, അഡ്വ.ആൻറണിരാജു, സജി ചെറിയാൻ, അഡ്വ. ജി.ആർ.അനിൽ, ഡോ.ശശിതരൂർ എം.പി., അഡ്വ.എം.വിൻസെൻറ് എം.എൽ.എ. എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.

മേയർ സ്വാഗതം ആശംസിച്ച ചടങ്ങിൽ സ്റ്റാൻറിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, കൌൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ഉദ്ഘാടന ചടങ്ങ് പ്രദേശവാസികളുടെ മികച്ച പങ്കാളിത്തത്തോടെയാണ് നടന്നത്.

രാജീവ് ആവാസ് യോജനയിൽപ്പെടുത്തി തിരുവനന്തപുരം കോർപ്പറേഷൻ വിഴിഞ്ഞം മതിപ്പുറത്ത് നിർമിച്ച 320 ഭവനങ്ങൾ ഉൾപ്പെടുന്ന ഭവന സമുച്ചയത്തിലെ വീടുകളുടെ താക്കോൽദാനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

42ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ നിർവഹിക്കുന്നു

തദ്ദേശ സ്ഥാപനങ്ങളും സഹകരണ മേഖലയും ഒന്നിക്കുന്നു: വി.എൻ. വാസവൻ

സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിന് തുടക്കം

സഹകരണ മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് ഗ്രാമീണ അന്തരീക്ഷത്തിന്റെ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾ നടത്താൻ പോകുകയാണെന്ന് സഹകരണം, രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ. നിക്ഷേപ സമാഹരണ യജ്ഞവും സഹകരണ സമാശ്വാസ ധനസഹായത്തിന്റെ വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഗ്രാമീണ മേഖലയിലെ നാനാതുറകളിലുള്ള പദ്ധതികൾ ഏറ്റെടുക്കാനാണ് ശ്രമിക്കുന്നത്. ബജറ്റ് വിഹിതം ലഭിച്ചില്ലെങ്കിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി പദ്ധതികൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. കാർഷിക മേഖലയിൽ ഉൽപ്പന്നങ്ങൾ ഏറ്റെടുത്ത് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണി കണ്ടെത്തുകയും പ്രാദേശികമായ ഉന്നമനം ഉറപ്പാക്കുകയും ചെയ്യും. ഏതു പ്രതിസന്ധി ഘട്ടത്തിലും ആദ്യം സഹായവുമായി എത്തുന്നത് സഹകരണ മേഖലയാണ്. അതുകൊണ്ടു തന്നെ ആർക്കും തകർക്കാൻ കഴിയാത്ത ജനകീയ അടിത്തറ സഹകരണ മേഖലയ്ക്കുണ്ട്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ സഹകരണ മേഖലയിൽ നടക്കുന്നുണ്ട്. ഇതിനെ സാമാന്യവൽക്കരിച്ച് സഹകരണ മേഖലയ്ക്കെതിരെ വലിയ പ്രചാരണങ്ങൾ നടന്നു. ഇതിനെ സംയമനത്തോടെ നേരിട്ട് സഹകാരികൾ അതിജീവിക്കുകയായിരുന്നു. കണക്കുകൾ പരിശോധിക്കാനും അത് പൊതു സമൂഹത്തെ ബോദ്ധ്യപ്പെടുത്താനുമുള്ള സംവിധാനം ഇപ്പോൾ നിലവിൽ വന്നു. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥ ഓഡിറ്റ് ഡയറക്ടറായി ഓഡിറ്റിംഗ് സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. സുതാര്യമായ നടപടികളിലൂടെ മുന്നോട്ടു പോകുകയാണ് സഹകരണ മേഖല.

മഹാമാരിയും പ്രളയവും കോവിഡ് പ്രതിസന്ധിയുമൊക്കെ വന്നപ്പോൾ ആദ്യം സഹായഹസ്തവുമായി എത്തിയ സഹകരണ മേഖലയായിരുന്നു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 236 കോടി രൂപ സംഭാവന നൽകിയത്. മറ്റൊരു മേഖലയ്ക്കും കഴിയാത്ത പ്രവർത്തനമായിരുന്നു ഇത്. കോവിഡ് കാലത്ത് വായ്പക്കാർക്കും പല വിധത്തിൽ ആശ്വാസം പകരാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സഹകരണ സംഘങ്ങൾ സഹായ കേന്ദ്രങ്ങളായി പ്രവർത്തിക്കുകയായിരുന്നു. നിക്ഷേപ സമാഹരണ യജ്ഞത്തിൽ ആറായിരം കോടി രൂപയാണ് ലക്ഷ്യം വയ്ക്കുന്നത്. മുൻ കാലങ്ങളിൽ പലപ്പോഴും ലക്ഷ്യത്തേക്കാൾ കൂടുതൽ നിക്ഷേപ സമാഹരണം നടത്തിയിട്ടുണ്ടെന്നും മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. ആദ്യ നിക്ഷേപങ്ങൾ വേദിയിൽ മന്ത്രി ഏറ്റു വാങ്ങി. ഡോ. റോബർട്ട് രാജ് തിരുമല സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ പത്ത് ലക്ഷം രൂപ നിക്ഷേപിച്ചു. രേഖകൾ മന്ത്രിക്കു കൈമാറി. പേരൂർക്കട സർവീസ് സഹകരണ ബാങ്കിൽ സിനിമാ സംവിധായകൻ തുളസീദാസ് പത്ത് ലക്ഷം രൂപ നിക്ഷേപിച്ചു. ജയകുമാർ (തിരുമല സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്), അശ്വിൻ എസ്. കുമാർ (മുട്ടത്തറ കോ ഓപ്പറേറ്റീവ് ബാങ്ക്) അനിൽകുമാർ (അണ്ടൂർകോണം സഹകരണ ബാങ്ക്) എ. രാജൻ (വട്ടിയൂർക്കാവ് കോ ഓപ്പറേറ്റീവ് ബാങ്ക്) രാജി (വട്ടിയൂർക്കാവ് കോ ഓപ്പറേറ്റീവ് ബാങ്ക്) തുളസീധരൻ ബി. (ഉള്ളൂർ കോ ഓപ്പറേറ്റീവ് ബാങ്ക്), ജിത്തു ജോർജ്ജ് (പട്ടം കോ ഓപ്പറേറ്റീവ് ബാങ്ക്) എന്നിവരും നിക്ഷപങ്ങൾ നടത്തി. സഹകരണ അംഗ സമാശ്വാസ നിധി സഹായധന വിതരണവും മന്ത്രി നിർവഹിച്ചു. ചടങ്ങിൽ ഗതാഗത മന്ത്രി ആന്റണി രാജു അദ്ധ്യക്ഷനായിരുന്നു. സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി സ്വാഗതവും സഹകരണ രജിസ്ട്രാർ പി.ബി. നൂഹ് കൃതജ്ഞതയും പറഞ്ഞു. സഹകരണ യൂണിയൻ ചെയർമാൻ കോലിയാക്കോട് കൃഷ്ണൻ നായർ മുഖ്യപ്രഭാഷണം നടത്തി. പ്രാഥമിക സഹകരണ സംഘം അസോസിയേഷൻ പ്രസിഡന്റ് വി. ജോയ് എംഎൽഎ, സഹകരണ പെൻഷൻ ബോർഡ് ചെയർമാൻ തിലകൻ, കേരള ബാങ്ക് പ്രതിനിധി പി.എസ്. രാജൻ, ഓഡിറ്റ് ഡയറക്ടർ എം.എസ്. ഷെറിൻ എന്നിവർ സംസാരിച്ചു.

തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥർ താഴേത്തട്ടിലുള്ള ജനതയുടെ സേവകരാവണം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ താഴെത്തട്ടിലുള്ള ജനങ്ങളുടെ സേവകരായി പ്രവർത്തിക്കണമെന്ന് തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

ഏകീകൃത തദ്ദേശവകുപ്പ് ഇടക്കാല മാനേജ്മെന്റ് സംബന്ധിച്ച് ജില്ലാ ജോയിൻ ഡയറക്ടർമാരുടെയും വകുപ്പുതല ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ കാലങ്ങളിൽ വിവിധ മന്ത്രി തലങ്ങളിലായിരുന്ന തദ്ദേശവകുപ്പിനെ ഏകോപിപ്പിക്കാനുള്ള ആലോചനകളാണ് ഇപ്പോൾ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലൂടെ യാഥാർത്ഥ്യമായിരിക്കുന്നത്.

ജനങ്ങൾക്ക് കാത്തുനിൽക്കേണ്ട അവസ്ഥ ഉണ്ടാവരുത് അവരെ പരമാവധി സഹായിക്കാൻ ഫയൽ കൈകാര്യം ചെയ്യുന്നവർ ശ്രദ്ധിക്കണം. ഫയലുകൾ കീഴ് ഓഫീസുകളിലേക്ക് അയയ്ക്കുന്ന പതിവിനും കാലതാമസം നേരിടുന്നതിനും അടിയന്തരമായി മാറ്റം ഉണ്ടാവണം. ഫീൽഡ് പരിശോധന അനിവാര്യമെങ്കിൽ നേരിട്ട് എത്താൻ ഉദ്യോഗസ്ഥന് സാധിക്കണം. വരുന്ന ഒരുമാസത്തിനകം ഏകീകൃത വകുപ്പിന്റെ ഗുണപരമായ മാറ്റം ജനങ്ങൾക്ക് ലഭിക്കണമെന്നും അതിനുള്ള പ്രവർത്തനം ജില്ലാ ഓഫീസർമാർ നടത്തണമെന്നും മന്ത്രി നിർദേശിച്ചു.

കേരളത്തിലെ എല്ലാ മനുഷ്യരെയും ബന്ധിപ്പിക്കുന്ന സംവിധാനമാണ് തദ്ദേശഭരണ വകുപ്പെന്നും പുതിയൊരു ജനകീയ ബന്ധത്തിന്റെ തുടക്കമായി ഏകീകൃത തദ്ദേശവകുപ്പ് മാറണമെന്നും മന്ത്രി വ്യക്തമാക്കി. 2.5 ലക്ഷത്തോളം വരുന്ന ഭൂരഹിതർക്ക് ഭവനം ലഭ്യമാക്കുന്നതിനുള്ള 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയിൽ തദ്ദേശസ്ഥാപനങ്ങൾ ഭാവനാപൂർണ്ണം ഊർജ്ജിതമായി ഇടപെടണമെന്നും അതി ദാരിദ്ര്യ സർവ്വേയിലൂടെ കണ്ടെത്തിയ നിരാലംബരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനങ്ങൾ ഏകോപിപ്പിക്കണമെന്നും ആയിരത്തിൽ അഞ്ച് പേർക്ക് ജോലി എന്ന ലക്ഷ്യം സാധ്യമാക്കാൻ പ്രവർത്തനങ്ങൾ സജീവമാക്കണമെന്നും മന്ത്രി ഉദ്യോഗസ്ഥരുടെ യോഗത്തിൽ നിർദേശം നൽകി.

ജെ.സി ഡാനിയേൽ പുരസ്കാര സമർപ്പണം ഇന്ന്

ജയചന്ദ്രന്റെ ഗാനങ്ങളുമായി ഭാവഗാനസാഗരം

2020ലെ ജെ.സി ഡാനിയേൽ പുരസ്കാര സമർപ്പണം ഇന്ന് (2022 ഫെബ്രുവരി 22 ചൊവ്വാഴ്ച) വൈകിട്ട് ആറിന് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പ്രമുഖ പിന്നണി ഗായകൻ പി. ജയചന്ദ്രൻ പുരസ്കാരം ഏറ്റുവാങ്ങും. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ 26ാമത് ഐ.എഫ്.എഫ്.കെയുടെ ഫെസ്റ്റിവൽ ഡിസൈൻ പ്രകാശനം പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കും. ഗതാഗത വകുപ്പ് മന്ത്രി ആൻറണി രാജു, ഭക്ഷ്യ, പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ.ജി.ആർ അനിൽ, മേയർ ആര്യാ രാജേന്ദ്രൻ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിക്കും. പുരസ്കാര സമർപ്പണത്തെ തുടർന്ന് ജയചന്ദ്രന്റെ ഗാനങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള 'ഭാവഗാന സാഗരം' എന്ന സംഗീതപരിപാടി ഉണ്ടായിരിക്കും. വിധു പ്രതാപ്, കല്ലറ ഗോപൻ, രവിശങ്കർ, അഖില ആനന്ദ്, രേഷ്മ രാഘവേന്ദ്ര എന്നിവർ ഗാനങ്ങൾ ആലപിക്കും. ചടങ്ങിനു മുന്നോടിയായി 5.30ന് പി.ജയചന്ദ്രന്റെ ഗാനങ്ങൾ ഡോ.ജോബി മാത്യു വെമ്പാല വയലിനിൽ വായിക്കും. ജെ.സി ഡാനിയേൽ അവാർഡ് ജൂറി ചെയർമാൻ അടൂർ ഗോപാലകൃഷ്ണൻ, കെ.എസ്.എഫ്.ഡി.സി ചെയർമാൻ ഷാജി എൻ.കരുൺ, ചലച്ചിത്ര സംഗീത നിരൂപകൻ രവി മേനോൻ, സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് ഐ.എ.എസ്, ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്, വൈസ് ചെയർമാൻ പ്രേംകുമാർ, സെക്രട്ടറി സി.അജോയ് എന്നിവരും ചടങ്ങിൽ പങ്കെടുക്കും.

വയനാട് ഇരട്ടക്കൊല; പ്രതിക്ക് വധശിക്ഷ

വയനാട്: വയനാട്ടിൽ മോഷണ ശ്രമത്തിനിടെ ഉറങ്ങിക്കിടന്ന ദമ്പതികളെ തലയ്ക്ക് അടിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതിക്ക് വധശിക്ഷ. കോഴിക്കോട് തൊട്ടിൽപ്പാലം കാവിലുംപാറ പഞ്ചായത്തിലെ മരുതോറയിൽ കല്ലങ്ങോട്ടുമ്മൽ വിശ്വനാഥനാണ് കൽപ്പറ്റ ജില്ലാ സെഷൻസ് കോടതി വധശിക്ഷ വിധിച്ചത്.

കൊലപാതകം, കവർച്ച, ഭവനഭേദനം, തെളിവുനശിപ്പിക്കൽ എന്നീ വകുപ്പുകൾ പ്രകാരമാണ് പ്രതി കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയത്.

2018 ജൂലായ് ആറിനാണ് നടന്നത്. നവദമ്പതിമാരായിരുന്ന വെള്ളമുണ്ട കണ്ടത്തുവയൽ പൂരിഞ്ഞിയിൽ വാഴയിൽ ഉമ്മർ (26), ഭാര്യ ഫാത്തിമ (19) എന്നിവരെയാണ് കിടപ്പുമുറിയിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്.

മോഷണം ചെറുക്കാനുള്ള ശ്രമത്തിനിടെയാണ് വിശ്വനാഥൻ ദമ്പതിമാരെ അടിച്ചു കൊന്നത്. വീട്ടിൽ കയറിയ വിശ്വനാഥൻ ഉറങ്ങിക്കിടക്കുകയായിരുന്ന ഫാത്തിമയുടെ മാല പൊട്ടിക്കാൻ ശ്രമിച്ചു.

ശബ്ദംകേട്ടുണർന്ന ഉമ്മറിനെയും ഫാത്തിമയെയും കൈയിൽ കരുതിയിരുന്ന കമ്പിവടികൊണ്ട് അടിച്ചു. മരണം ഉറപ്പാക്കിയശേഷം ഫാത്തിമയുടെ ശരീരത്തിലുണ്ടായിരുന്ന ആഭരണങ്ങളെടുത്ത് വീട്ടിലും പരിസരങ്ങളിലും മുളകുപൊടി വിതറി വിശ്വനാഥൻ രക്ഷപ്പെടുകയായിരുന്നു. അന്നത്തെ മാനന്തവാടി ഡിവൈഎസ്പി കെ.എം. ദേവസ്യയുടെ നേതൃത്വത്തിൽ പ്രത്യേകസംഘമാണ് കേസ് അന്വേഷിച്ചത്.

പൊന്മുടി വിനോദ സഞ്ചാര കേന്ദ്രങ്ങളിലേർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചു

കോവിഡ് 19 ന്റെ മൂന്നാം തരംഗത്തെ തുടർന്ന് പൊന്മുടി വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള സഞ്ചാരികളുടെ പ്രവേശത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചതായി ജില്ലാ കളക്ടർ നവജ്യോത് ഖോസ അറിയിച്ചു. കർശനമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കുമെന്നും അറിയിപ്പിൽ പറയുന്നു.

മുന്നറിയിപ്പില്ലാതെ മന്ത്രി വീണാ ജോർജ് തിരുവനന്തപുരം ജനറൽ ആശുപത്രി സന്ദർശിച്ചു

സ്ട്രോക്ക് സെന്റർ എത്രയും വേഗം പ്രവർത്തിപ്പിക്കും

കമ്പ്യൂട്ടർ കേടായെന്ന് തെറ്റിദ്ധരിപ്പിച്ച ജീവനക്കാരിക്കെതിരെ നടപടി

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മുന്നറിയിപ്പില്ലാതെ തിരുവനന്തപുരം ജനറൽ ആശുപത്രി സന്ദർശിച്ചു. അടഞ്ഞുകിടക്കുന്ന സ്ട്രോക്ക് യൂണിറ്റ് എത്രയും വേഗം പ്രവർത്തനസജ്ജമാക്കാനും സ്ട്രോക്ക് ചികിത്സയ്ക്ക് ആശുപത്രിയിലെത്തുന്നവർക്ക് പരിചരണം ഉറപ്പാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. അത്യാഹിത വിഭാഗം, വെയിറ്റിംഗ് ഏരിയ, ഫാർമസി, കോവിഡ് വാർഡ്, ഓപ്പറേഷൻ തീയറ്റർ കോംപ്ലക്സ്, വിവിധ ഐസിയുകൾ, കാത്ത് ലാബ് എന്നിവ മന്ത്രി സന്ദർശിച്ചു. രോഗികളുമായും ജീവനക്കാരുമായും മന്ത്രി ആശയവിനിമയം നടത്തി.

ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന അപ്പക്സ് ട്രോമ ആൻഡ് എമർജൻസി ലേണിംഗ് സെന്റർ, വിവിധ മാനിക്വിനുകൾ ഉപയോഗിച്ച് നടത്തുന്ന അത്യാധുനിക ക്ലാസുകൾ എന്നിവ മന്ത്രി നേരിട്ട് വിലയിരുത്തി.

ജനറൽ ആശുപത്രിയിൽ എത്തുന്നവർക്ക് വിദഗ്ധ പരിചരണം ഉറപ്പാക്കണം. ഒപിയിൽ തിരക്ക് ഒഴിവാക്കുന്നതിന് ഒപി കൗണ്ടറുകളും ചില ഒപി പരിശോധനാ മുറികളും രോഗികൾക്ക് സൗകര്യപ്രദമായവിധം പുനക്രമീകരിക്കാൻ നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു.

ജനറൽ ആശുപത്രിയിലെ ഒരു കൗണ്ടർ മാത്രമേ പ്രവർത്തിക്കാറുള്ളൂവെന്ന് ക്യൂവിൽ നിന്ന ഒരാൾ പരാതി പറഞ്ഞു. ഉടൻ തന്നെ മന്ത്രി കൗണ്ടറിൽ കയറി കാര്യമന്വേഷിച്ചു. കമ്പ്യൂട്ടർ കേടായെന്നും 11 മാസമായി പ്രവർത്തിക്കുന്നില്ലെന്നുമാണ് അവിടെയുണ്ടായിരുന്ന ജീവനക്കാരി അറിയിച്ചത്. ആശുപത്രി സൂപ്രണ്ടിനെ വിളിച്ചുവരുത്തി പരിശോധിച്ചതോടെ കമ്പ്യൂട്ടർ പ്രവർത്തിക്കുന്നതായി കണ്ടെത്തി, ഇതോടെ തെറ്റിദ്ധരിപ്പിച്ച ജീവനക്കാരിക്കെതിരെ നടപടി സ്വീകരിക്കാനും എത്രയും വേഗം കൗണ്ടർ പുന:സ്ഥാപിക്കാനും മന്ത്രി നിർദേശം നൽകി.

സ്റ്റാഫ് നഴ്സുമാരായി ജോലി ചെയ്തിട്ടും എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നില്ലെന്ന് ചിലർ പരാതിപ്പെട്ടു. തടസങ്ങൾ നീക്കി അവർക്ക് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകാനും മന്ത്രി നിർദേശം നൽകി. ആരോഗ്യ വകുപ്പ് ഡയറക്ടർ വി.ആർ. രാജു മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

മലയാളം പഠിക്കാത്തവർക്ക് സർക്കാർ സർവീസിൽ മലയാളം അഭിരുചി പരീക്ഷ നിർബന്ധമാക്കും: മുഖ്യമന്ത്രി

പത്താം ക്ലാസ് വരെ മലയാളം പഠിച്ചിട്ടില്ലാത്തവർ സർക്കാർ സർവീസിന്റെ ഭാഗമായാൽ നിരീക്ഷണ കാലാവധി പൂർത്തിയാകുംമുൻപ് മലയാളം അഭിരുചി പരീക്ഷ പാസാകണമെന്നു വ്യവസ്ഥ ചെയ്യുന്ന നിയമ ഭേദഗതി അവസാന ഘട്ടത്തിലാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. മലയാണ്മ എന്ന പേരിൽ മലയാളം മിഷൻ സംഘടിപ്പിച്ച ലോക മാതൃഭാഷാ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജീവനക്കാരെ ഭാഷാ അവബോധമുള്ളവരാക്കിയും ഭാഷാ അഭിരുചിയുള്ളവരെ സർക്കാർ സർവീസിന്റെ ഭാഗമാക്കിയും സിവിൽ സർവീസിനെ മാതൃഭാഷാ കേന്ദ്രകീതൃമാക്കാനാണു സർക്കാർ ശ്രമിക്കുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. ഈ കാഴ്ചപ്പാടോടെയാണ് ബിരുദം വരെ യോഗ്യത ആവശ്യമുള്ള പി.എസ്.സി. പരീക്ഷകൾ മലയാളത്തിൽ നടത്താൻ തീരുമാനിച്ചത്. കെ.എ.എസ്. പ്രവേശനത്തിൽ മലയാളം അഭിരുചി പരിശോധിക്കപ്പെടുന്നെന്ന് ഉറപ്പാക്കി. സർക്കാർ സർവീസിൽ പ്രവേശിക്കുന്നവരുടെ മലയാള പ്രാവീണ്യം പരിശോധിക്കാനുള്ള തീരുമാനം മറ്റു സംസ്ഥാനങ്ങളിൽനിന്നു വരുന്നവരെ മാത്രം ഉദ്ദേശിച്ചല്ല, കേരളത്തിൽന്നുള്ള മലയാളം അറിയാത്തവരെക്കൂടി ഉദ്ദേശിച്ചാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിനൊപ്പം ഭാഷയും വികസിക്കണമെങ്കിൽ ഭാഷാ സൗഹൃദപരമായ സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സാങ്കേതിക വിദ്യയ്ക്കു മേൽക്കൈയുള്ള സമൂഹത്തിൽ ഭാഷയ്ക്കു നിലനിൽക്കാൻ ഇത്തരം നവീന ആശയങ്ങൾ പ്രാവർത്തികമാക്കണം. സാങ്കേതിക വിദ്യയുടെ പ്രാദേശികവത്കരണത്തിന്റെ ഭാഗമായി സംസ്ഥാന ഇലക്ട്രോണിക്സ്- വിവര സാങ്കേതിക വകുപ്പ് ആറു സോഫ്റ്റ്‌വെയറുകൾ പുറത്തിറക്കിയത് ഇതിന്റെ ഭാഗമായാണ്.

ഭാഷയുടെ വികസനത്തിനു പൊതു സമൂഹത്തിന്റെ ഇടപെടലും വേണം. സ്വയം നവീകരിച്ചും ദൈനംദിന വ്യവഹാരങ്ങളിൽ ഏർപ്പെട്ടുമാണ് ഓരോ ഭാഷയും നിലനിൽക്കുന്നത്. മാറുന്ന കാലത്തിനും സാഹചര്യത്തിനും ശൈലികൾക്കും അനുയോജ്യമായ പദങ്ങൾ ഉൾക്കൊണ്ട് മാതൃഭാഷയെ വിപുലീകരിക്കണം. ഇംഗ്ലിഷ് പദങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടത്തുമ്പോൾ പലപ്പോഴും അതികഠിനവും സങ്കീർണവുമായ പദങ്ങളായി മാറുന്നുണ്ട്. സാധാരണക്കാരന് ഉപയോഗിക്കാൻ കഴിയുംവിധം പദങ്ങൾ പരിഭാഷപ്പെടുത്തുകയോ സാധാരണക്കാർ ഉപയോഗിക്കുന്ന പദങ്ങളെ അതേപടി സ്വീകരിക്കുകയോ ചെയ്തുവേണം ഭാഷ വിപുലപ്പെടുത്തേണ്ടത്. കേരളത്തിൽ മലയാളം അല്ലാത്ത ഭാഷകൾ മാതൃഭാഷയായിട്ടുള്ള നിരവധിപേരുണ്ട്. അവരേയും അവരുടെ ഭാഷകളേയും അരികുവത്കരിച്ചാകരുത് മലയാളത്തെ അഭിവൃദ്ധിപ്പെടുത്തുന്നത്. കേരളത്തിലുള്ള ഭാഷാ ന്യൂനപക്ഷങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമാണു സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു. മലയാളം മിഷന്റെ പ്രഥമ കണിക്കൊന്ന പുരസ്കാരം മലയാളം മിഷൻ യു.കെ. ചാപ്റ്ററിന് മുഖ്യമന്ത്രി സമ്മാനിച്ചു. ലോകത്ത് മലയാളിയുള്ള എല്ലായിടത്തും മലയാള ഭാഷയുടെ പ്രചാരണം നടപ്പാക്കുക എന്നതാണു സർക്കാരിന്റെ ലക്ഷ്യമെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മലയാളം മിഷന്റെ ഭാഷാ പ്രതിഭാ പുരസ്കാരം ഗതാഗത മന്ത്രി ആന്റണി രാജുവും സുഗതാഞ്ജലി പ്രവാസി പുരസ്കാരം ധനമന്ത്രി കെ.എൻ. ബാലഗോപാലും സമർപ്പിച്ചു. പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ - പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ഐ.എം.ജി. ഡയറക്ടർ കെ. ജയകുമാർ, മലയാളം മിഷൻ ഡയറക്ടർ മുരുകൻ കാട്ടാക്കട, രജിസ്ട്രാർ ഇൻ-ചാർജ് എം.വി. സ്വാലിഹ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

മുറിവുകൾ എല്ലാം അരയ്ക്ക് താഴെ

കണ്ണൂർ: തലശേരി പുന്നോൽ താഴെവയലിൽ സിപിഎം പ്രവർത്തകൻ കൊല്ലപ്പെട്ട സംഭവത്തിൽ നടന്നത് ക്രൂരമായ ആക്രമണമാണെന്ന് റിപ്പോർട്ട്. മത്സ്യത്തൊഴിലാളിയായ താഴെവയൽ കൊരമ്പിൽ താഴെകുനിയിൽ ഹരിദാസൻ (54) ആണ് മരിച്ചത്.

ഹരിദാസൻറെ അരയ്ക്ക് താഴേയ്ക്ക് ഇരുപതിലധികം വെട്ടേറ്റിട്ടുണ്ടെന്നാണ് പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ട് വ്യക്തമാക്കിയിരിക്കുന്നത്. കൊല്ലണമെന്ന ഉദ്ദേശത്തോടെ ഒരു മുറിവിൽ പല തവണ വെട്ടിയിട്ടുണ്ട്. തുടർച്ചയായ വെട്ടേറ്റ് ഇടതുകാലിന് മുട്ടിന് താഴെ മുറിഞ്ഞുപോയ നിലയിലായിരുന്നു. കാൽ പിന്നീട് പ്ലാസ്റ്റിക് കവറിൽ ആശുപത്രിയിലെത്തിക്കുകയായിരുന്നു.

അതിനിടെ ഫോറൻസിക് സംഘവും പോലീസും സംഭവം നടന്ന ഹരിദാസൻറെ വീട്ടുമുറ്റത്ത് നടത്തിയ പരിശോധനയിൽ വാളും ഇരുമ്പുദണ്ഡും കണ്ടെത്തി. അക്രമികൾ കൊണ്ടുവന്ന ആയുധങ്ങൾ തന്നെയാണ് കണ്ടെത്തിയതെന്ന നിഗമനത്തിലാണ് പോലീസ്. സ്ഥലത്ത് പരിശോധന തുടരുകയാണ്.

പുലർച്ചെ ഒന്നോടെയായിരുന്നു സംഭവം. ജോലി കഴിഞ്ഞ് മടങ്ങി വരവെ വീടിനു മുന്നിൽ വച്ചാണ് പതിയിരുന്ന അക്രമി സംഘം ഹരിദാസനെ വെട്ടി വീഴ്ത്തിയത്. തലശേരി സഹകരണ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

ആർഎസ്എസ് ബിജെപി സംഘമാണ് കൊലയ്ക്കു പിന്നിലെന്ന് സിപിഎം ആരോപിച്ചു. കൊലപാതകത്തിൽ പ്രതിഷേധിച്ച് തലശേരി നഗരസഭയിലും ന്യൂ മാഹി പഞ്ചായത്തിലും സിപിഎം ആഹ്വാന പ്രകാരം കടകളടച്ച് ഹർത്താൽ ആചരിക്കുകയാണ്. സംഭവവുമായി ബന്ധപ്പെട്ട് ഏഴ് പേരെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

മരങ്ങൾ ലേലത്തിന്

പൊതുമരാമത്ത് വകുപ്പ് കേരള റോഡ് ബോർഡ് പി.എം.യു കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിന്റെ അധികാരപരിധിയിലുള്ള ആയുർ അഞ്ചൽ പുനലൂർ സ്റ്റേറ്റ് ഹൈവേയുടെ അരികിൽ നിൽക്കുന്ന 149 മരങ്ങൾ ഫെബ്രുവരി 24ന് 11.30ക്ക് കുരിശുമുക്ക് സൈറ്റ് ഓഫീസ് പരിസരത്ത് ലേലം ചെയ്യും.

തിരുവനന്തപുരം ആക്കുളത്ത് സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു സന്ദർശിക്കുന്നു

ആസാദി കാ അമൃത് മഹോത്സവ്: ശാസ്ത്ര സാങ്കേതിക വിദ്യാവാരം ഇന്നു മുതൽ

ന്യൂഡൽഹി : സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി പ്രധാനമന്ത്രിയുടെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവിന്റെ കാര്യാലയവും കേന്ദ്ര സാംസ്കാരിക മന്ത്രാലയവും സംയുക്തമായി ഇന്നു മുതൽ 28 വരെ വിജ്ഞാൻ സർവത്രേ പൂജ്യതേ (വിജ്ഞാനം സർവ്വ സംപൂജ്യം) എന്ന ശാസ്ത്ര സാങ്കേതിക വിദ്യാവാരം രാജ്യത്തെ 75 കേന്ദ്രങ്ങളിൽ ആഘോഷിക്കും.

കേരളത്തിൽ തിരുവനന്തപുരം, തൃശൂർ,കോഴിക്കോട് എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൌൺസിൽ നേതൃത്വം നൽകും.

തിരുവനന്തപുരത്ത് പട്ടം സെന്റ് മേരീസ് സ്കൂളിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ചടങ്ങ് നടക്കുന്നത്.

23ന് ശാസ്ത്ര സാങ്കേതിക ചരിത്രത്തിലെ 75 നാഴികക്കല്ലുകൾ എന്ന വിഷയത്തിലും, 24ന് ആധുനിക ഇന്ത്യൻ സാങ്കേതിക രംഗത്തെ നാഴികക്കല്ലുകൾ എന്നതിലും, 25ന് തദ്ദേശീയ ശാസ്ത്ര രംഗത്തെ നവീന ആശയങ്ങളും കണ്ടുപിടുത്തങ്ങളും എന്നതിലും, 26ന് സിനിമ,ഗാനം,സാഹിത്യം എന്നതിലും, 27ന് ഇന്ത്യൻ ശാസ്ത്ര സാങ്കേതിക രംഗത്തെ മുന്നോട്ടുള്ള ഇരുപത്തി അഞ്ചു വർഷങ്ങൾ എന്നതിലും ശില്പശാല നടക്കും. ദേശീയ ശാസ്ത്ര ദിനമായ ഇരുപത്തി എട്ടിന് സമാപന സമ്മേളനവും സമ്മാനദാനവും നടക്കും.

ശാസ്ത്ര സാങ്കേതിക രംഗത്തെ മികവുകളെ ആസ്പദമാക്കി 25ന് രാവിലെ 10.30 മുതൽ ഇന്റർ സ്കൂൾ തല മൽസരങ്ങൾ പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തും. ഹൈസ്കൂൾ, യു.പി വിദ്യാർത്ഥികൾക്കായി ഉപന്യാസം, പ്രസംഗം, ചിത്രരചനാ മൽസരങ്ങളും ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മൽസരവും ആണ് സംഘടിപ്പിക്കുന്നത്. വിജയികൾക്ക് ആകർഷക സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ലഭിക്കും.

പരിപാടിയുടെ ഭാഗമായി സയൻസ് ഫോട്ടോ പ്രദർശനം, ശാസ്ത്ര എക്സിബിഷൻ, പുസ്തക പ്രദർശനം,സയൻസ് ഫിലിം ഫെസ്റ്റിവൽ എന്നിവയും നടക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ 20നകം പേരുകൾ 9567404442 എന്ന വാട്ട്സ്അപ് നമ്പറിൽ രജിസ്റ്റർ ചെയ്യണം.

സംസ്ഥാനത്ത് ഇന്ന് 4,069 പേർക്ക് കോവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 4,069 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 647, തിരുവനന്തപുരം 531, കോട്ടയം 414, കൊല്ലം 410, കോഴിക്കോട് 353, തൃശൂർ 333, ആലപ്പുഴ 224, മലപ്പുറം 222, പത്തനംതിട്ട 222, ഇടുക്കി 186, കണ്ണൂർ 179, പാലക്കാട് 151, വയനാട് 104, കാസർഗോഡ് 93 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 42,700 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,57,090 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,53,490 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 3,600 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 500 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 58,932 കോവിഡ് കേസുകളിൽ, 6.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 11 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 76 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 41 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 64,273 ആയി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 18 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 3,775 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 244 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 32 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 11,026 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1063, കൊല്ലം 668, പത്തനംതിട്ട 519, ആലപ്പുഴ 634, കോട്ടയം 1278, ഇടുക്കി 838, എറണാകുളം 1555, തൃശൂർ 1112, പാലക്കാട് 459, മലപ്പുറം 894, കോഴിക്കോട് 825, വയനാട് 461, കണ്ണൂർ 562, കാസർഗോഡ് 158 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 58,932 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 63,49,057 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

കശുവണ്ടി മേഖലയ്ക്ക് സമഗ്രപദ്ധതി: മന്ത്രി പി. രാജീവ്

കശുവണ്ടി മേഖലയുടെ നിലനിൽപ്പ് ലക്ഷ്യമാക്കി സമഗ്രവും ക്രിയാത്മകവുമായ പദ്ധതിക്ക് രൂപം നൽകുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. കൊട്ടിയത്ത് കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറിയിൽ തൊഴിലാളികൾക്കുള്ള അഞ്ചുവർഷത്തെ ഗ്രാറ്റുവിറ്റി വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായത്തിന്റെ പുരോഗതിക്കായി ഒരു മാസ്റ്റർ പ്ലാനും തയ്യാറാക്കും. വിപണനം, സാമ്പത്തിക കാര്യം എന്നിവയിൽ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ബോർഡ് രൂപീകരിച്ചു മികവ് ഉറപ്പാക്കും. ആധുനീകരണം മേഖലയിൽ നടപ്പിലാക്കും. തൊഴിൽ ഉറപ്പാക്കി ആകും മാറ്റങ്ങൾ വരുത്തുക. ഉൽപ്പന്ന വൈവിധ്യവൽക്കരണം വഴി ലാഭകരമായി വ്യവസായം നടത്തുന്നതിനുള്ള അന്തരീക്ഷവും സൃഷ്ടിക്കും. കശുമാവ് കൃഷി വ്യാപനത്തിലൂടെ തോട്ടണ്ടിയുടെ സ്വയംപര്യാപ്തത കൂടി ലക്ഷ്യമാക്കുന്നു എന്നും അദ്ദേഹം വ്യക്തമാക്കി.

തോട്ടണ്ടിക്ക് വിലകുറയുന്ന സമയത്തുതന്നെ വാങ്ങുന്നതിന് കൃത്യമായി പണം ലഭ്യമാക്കുമെന്ന് അധ്യക്ഷനായ ധനകാര്യവകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. സ്വകാര്യമേഖലയിലെ കടക്കെണി പരിഹരിക്കുന്നതിനും മുൻകൈയെടുക്കും. അഞ്ചു വർഷത്തെ ഗ്രാറ്റുവിറ്റി ഒന്നിച്ച് നിൽക്കുന്ന ചരിത്രമുഹൂർത്തം ആണ് ഇന്നിവിടെ കാണാനാകുന്നത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തൊഴിലാളികളോട് പ്രതിബദ്ധതയുള്ള സർക്കാരാണ് കേരളത്തിൽ തുടരുന്നതെന്ന് മുഖ്യ അതിഥിയായി പങ്കെടുത്ത മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി പറഞ്ഞു. എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത് ഉറപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എം. നൗഷാദ് എം.എൽ.എ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. യശോദ, മയ്യനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ. ഷാഹിദ, മറ്റു ജനപ്രതിനിധികൾ കശുവണ്ടി വികസന കോർപ്പറേഷൻ ചെയർമാൻ എസ്. ജയമോഹൻ, ക്യാപ്പക്സ് ചെയർമാൻ ശിവശങ്കരപിള്ള, ക്യാപ്പക്സ് മാനേജിങ് ഡയറക്ടർ രാജേഷ് രാമകൃഷ്ണൻ, തൊഴിലാളി സംഘടനാ നേതാക്കൾ, കശുവണ്ടി തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.കെ.നമ്പർ 478/2022)

തേക്ക് തടി ചില്ലറ വില്പനയ്ക്ക്

പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷന് കീഴിലുള്ള തുയ്യം സർക്കാർ തടി ഡിപ്പോയിൽ തേക്ക് തടികളുടെ ചില്ലറവിൽപ്പന ഫെബ്രുവരി 24 ന് രാവിലെ 10 മുതൽ വൈകിട്ട് 5 വരെ നടക്കും. വീട് നിർമ്മിക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അനുമതിപത്രം, കെട്ടിടത്തിന് അംഗീകൃത പ്ലാൻ, സ്കെച്ച്, പാൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പും അഞ്ച് രൂപ കോർട്ട് ഫീ സ്റ്റാമ്പ് എന്നിവ സഹിതം നിശ്ചിത തീയതിമുതൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണിമുതൽ വൈകിട്ട് അഞ്ചുമണി വരെ ഡിപ്പോയിൽ സമീപിച്ചാൽ 5 ക്യു മീറ്റർ വരെയുള്ള തേക്ക് തടി നേരിട്ട് വാങ്ങാം.ഫോൺ തുയ്യം ഡിപ്പോ ഓഫീസർ 8547600527. ടിംമ്പർ സെയിൽസ് ഡിവിഷൻ,പുനലൂർ 0475 2222617.

പൊതു മേഖലയെ സംരക്ഷിക്കാൻ ഒരുമിച്ച് പണം നൽകും മന്ത്രി പി. രാജീവ്

പൊതുമേഖല സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അടിയന്തര ഘട്ടത്തിൽ ആവശ്യമായ പണം ഗഡുക്കളായി നൽകുന്നതിന് പകരം ഒന്നിച്ച് നൽകുന്നത് പരിഗണനയിലെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ചാത്തന്നൂരിലെ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ രണ്ടാംഘട്ട നവീകരണ പദ്ധതിയുടെ ഉദ്ഘാടനവും ഗ്രാറ്റുവിറ്റി വിതരണവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന് മാതൃകയായ പൊതുമേഖലയാണ് കേരളത്തിലേത്. അത് നിലനിർത്തുന്നതിന് എല്ലാ പിന്തുണയും സർക്കാർ നൽകി വരികയാണ്. അത് ഇനിയും തുടരും. എന്നാൽ ഉൽപ്പാദന ക്ഷമത വർധനയ്ക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട്.

മത്സരാധിഷ്ഠിത അന്തരീക്ഷത്തിൽ മുന്നിട്ടു എന്നാൽ മാത്രമേ നിലനിൽപ്പ് സാധ്യമാവുകയുള്ളൂ.

അതിനായി തൊഴിലാളികളുടെ പ്രയത്നവും ആധുനീകരണവും പ്രധാനമാണ്. ഇത് മുന്നിൽ കണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കി വരികയാണ്. അത് ലക്ഷ്യം കാണുന്നതിന് ഉദാഹരണമാണ് സമീപകാല കേരള ചരിത്രത്തിലാദ്യമായി 5 സ്പിന്നിംഗ് മില്ലുകൾ ലാഭത്തിലായത്. ഉന്നതനിലവാരം ഉൽപ്പന്നത്തിന് ഉറപ്പാക്കാൻ ആയാൽ മികച്ച നിലയിൽ മുന്നോട്ടു പോകാനാകും എന്നും മന്ത്രി പറഞ്ഞു.

ആധുനീകരണം നടപ്പാക്കുന്നതിന് ഒപ്പം വികസന പരിപാടികൾ വിപുലീകരിച്ച് പൊതുമേഖലയെ നിലനിർത്തുമെന്ന് കുടിശ്ശിക വിതരണത്തിന് പങ്കെടുത്ത ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

ജി. എസ്. ജയലാൽ എം.എൽ.എ അധ്യക്ഷനായി. തദ്ദേശ ഭരണ സ്ഥാപന ഭാരവാഹികളായ ടി. ദിജു, ശ്രീജ ഹരീഷ്, എ.ദസ്തക്കിർ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ. പി. എം മുഹമ്മദ് ഹനീഷ്, സ്പിന്നിങ് മിൽ ചെയർമാൻ എ. ആർ. ബഷീർ, ടെക്സ്ഫെഡ് മാനേജിങ് ഡയറക്ടർ എം. കെ. സലീം തുടങ്ങിയവർ പങ്കെടുത്തു.

സ്മൈൽ വായ്പാപദ്ധതി; അപേക്ഷിക്കാം

കോവിഡ് മൂലം മരണമടഞ്ഞ പട്ടികജാതിയിൽപ്പെട്ടവരുടെ അടുത്ത കുടുംബാംഗങ്ങൾക്ക് പട്ടികജാതി പട്ടിക വർഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന സ്മൈൽ വായ്പാ പദ്ധതിയിൽ അപേക്ഷിക്കാം. കോവിഡ് പിടിപെട്ട് മരണമടഞ്ഞ വ്യക്തി കുടുംബത്തിലെ പ്രധാന വരുമാനദായകനാണെങ്കിൽ അയാളുടെ അടുത്ത കുടുംബാംഗത്തിന് / ആശ്രിതന് അപേക്ഷിക്കാം. പരമാവധി അഞ്ച് ലക്ഷം രൂപവരെ മുതൽമുടക്ക് ആവശ്യമുള്ള സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനാണ് വായ്പ. 4.5 ശതമാനമാണ് വാർഷിക പലിശനിരക്ക്. അഞ്ച് വർഷമാണ് തിരിച്ചടവ് കാലാവധി. പ്രധാന വരുമാനദായകൻ മരിച്ചത് കോവിഡ് മൂലമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും അപേക്ഷകനും മരിച്ചയാളും തമ്മിലുള്ള ബന്ധം സ്ഥിരീകരിക്കുന്ന രേഖയും ഹാജരാക്കണം. കോർപ്പറേഷന്റെ നിലവിലെ മറ്റ് വായ്പ നിബന്ധനകൾ പാലിക്കുന്നതിന് അപേക്ഷകൻ ബാധ്യസ്ഥനായിരിക്കും. നിശ്ചിത വിവരങ്ങൾ സഹിതം എസ്.സി. എസ്.ടി വികസന കോർപ്പറേഷൻ ജില്ലാ ഓഫീസിൽ ഫെബ്രുവരി 26 ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0474 2764440.

കമ്പ്യൂട്ടർ കേടായെന്ന് തെറ്റിദ്ധരിപ്പിച്ച ജീവനക്കാരിയെ ജോലിയിൽ നിന്നും മാറ്റിനിർത്തി

തിരുവനന്തപുരം ജനറൽ ആശുപത്രി ക്യാഷ് കൗണ്ടറിൽ കമ്പ്യൂട്ടർ കേടായതിനാൽ പ്രവർത്തിക്കുന്നില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിനെ തെറ്റിദ്ധരിപ്പിച്ച ജീവനക്കാരിയെ അന്വേഷണ വിധേയമായി ജോലിയിൽ നിന്നു മാറ്റിനിർത്തി.

ജനറൽ ആശുപത്രിയിൽ മന്ത്രി രാവിലെ സന്ദർശിച്ചപ്പോൾ വിവിധ പരിശോധനകൾക്ക് ബില്ലടയ്ക്കേണ്ട ക്യാഷ് കൗണ്ടറിൽ ഒരു കൗണ്ടർ മാത്രമാണ് പ്രവർത്തിച്ചത്. ഇത് രോഗികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി കണ്ടു. ഇതിന്റെ കാരണമന്വേഷിച്ച മന്ത്രിയോട് അവിടെയുണ്ടായിരുന്ന ജീവനക്കാരി പറഞ്ഞത് കമ്പ്യൂട്ടർ കേടായെന്നും 11 മാസമായി പ്രവർത്തിക്കുന്നില്ലെന്നുമാണ്.

സൂപ്രണ്ടിനെയും ഹെൽത്ത് ജീവനക്കാരേയും വിളിച്ചു വരുത്തിയപ്പോൾ കമ്പ്യൂട്ടർ പ്രവർത്തിക്കുന്നതായി കണ്ടെത്തി. ഇതോടെ തെറ്റിദ്ധരിപ്പിച്ച ജീവനക്കാരിക്കെതിരെ നടപടി സ്വീകരിക്കാനും എത്രയും വേഗം കൗണ്ടർ പുന:സ്ഥാപിക്കാനും മന്ത്രി നിർദേശം നൽകി. ഇതിന്റെയടിസ്ഥാനത്തിലാണ് നടപടി.

ചൂട് വർധിച്ചു: ജോലി സമയം പുനഃക്രമീകരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തു പകൽ താപനില ഉയരുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നത് തടയുന്നതിന് ഏപ്രിൽ 30 വരെ തൊഴിൽ സമയം പുനഃക്രമീകരിച്ചു കൊണ്ട് ലേബർ കമ്മീഷണർ ഉത്തരവായി.

ഇതുപ്രകാരം പകൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12 മുതൽ മൂന്ന് വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ ഏഴ് മുതൽ വൈകിട്ട് ഏഴ് വരെയുള്ള സമയത്തിനുള്ളിൽ എട്ട് മണിക്കൂറായിരിക്കും.

രാവിലെയും ഉച്ചയ്ക്കുശേഷവുമുള്ള മറ്റു ഷിഫ്റ്റുകളിലെ ജോലി സമയം യഥാക്രമം ഉച്ചയ്ക്ക് 12ന് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം മൂന്നിന് ആരംഭിക്കുന്ന പ്രകാരവും പുനഃക്രമീകരിച്ചു.

രജിസ്ട്രേഷൻ പുതുക്കാം

കൊട്ടാരക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് യഥാസമയം പുതുക്കാൻ കഴിയാത്തവർക്ക് (രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡിൽ പുതുക്കേണ്ടുന്ന മാസം 10/1999 മുതൽ 06/2021 വരെ രേഖപ്പെടുത്തിയിട്ടുള്ളവർക്ക്) സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് ഫെബ്രുവരി 21 മുതൽ ഏപ്രിൽ 30 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ പുതുക്കാൻ അവസരമുണ്ടാകും. www.eemployment.kerala.gov.in ഓൺലൈൻ പോർട്ടലിന്റെ ഹോം പേജിൽ നൽകിയിട്ടുള്ള റിന്യൂവൽസ് പെഷ്യൽ റിന്യൂവൽ ഓപ്ഷൻ, വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ, സ്മാർട്ട്ഫോൺ എന്നിവ മുഖേന രജിസ്ട്രേഷൻ പുതുക്കാം.

ഉദ്യോഗാർഥികൾക്ക് ഓഫീസിൽ നേരിട്ട് ഹാജരായും പുതുക്കാം.

ജോലി ലഭിച്ച് വിടുതൽ സർട്ടിഫിക്കറ്റ് യഥാസമയം രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി നിലനിർത്താൻ കഴിയാത്തവർക്കും ആനുകൂല്യം ലഭിക്കും. ഫോൺ:0474 2457212.

ഭിന്നശേഷിക്കാരുടെ മസ്റ്ററിംഗ് 28 വരെ നീട്ടണമെന്ന് കമ്മീഷൻ

സാങ്കേതിക കാരണങ്ങളാൽ ഫെബ്രുവരി ഒന്ന് മുതൽ 20 വരെയുള്ള കാലയളവിനുള്ളിൽ ഭിന്നശേഷി ആനുകൂല്യങ്ങൾക്കായുള്ള മസ്റ്ററിംഗ് തടസപ്പെട്ടതായി നിരവധി പരാതികൾ ലഭിച്ചതിനാൽ ഫെബ്രുവരി 28 വരെ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സമയപരിധി നീട്ടണമെന്ന് സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്. പഞ്ചാകേശൻ സർക്കാരിന് ശുപാർശ ഉത്തരവു നൽകി.

ശയ്യാവലംബികളായ ഭിന്നശേഷിക്കാരുടെ മസ്റ്ററിംഗ് വേഗത്തിലാക്കാൻ അക്ഷയ സെന്റർ അധികൃതർ ഭിന്നശേഷിക്കാരുടെ വീടുകളിലെത്തി മസ്റ്ററിംഗ് നടത്തണം.

വിരൽ പതിപ്പ് എടുക്കാൻ കഴിയാത്തത് മൂലം ആധാർ കാർഡ് നിഷേധിക്കപ്പെട്ട ഭിന്നശേഷിക്കാരുടെ കാര്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റേയോ മുൻസിപ്പൽ ചെയർമാന്റേയോ കോർപ്പറേഷൻ മേയറുടേയോ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബയോമെട്രിക് മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീരുമാനമെടുക്കമെന്നും കമ്മീഷൻ ശുപാർശ ഉത്തരവ് നൽകി.

സൂര്യതേജസ് സ്പോട്ട് രജിസ്ട്രേഷൻ 23 വരെ

അനെർട്ടിന്റെ 'സൗരതേജസ് ' പുരപ്പുറ സൗരോർജ്ജ പദ്ധതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണവും സ്പോട്ട് രജിസ്ട്രേഷനും ഫെബ്രുവരി 22, 23 തീയതികളിൽ കൊല്ലം പബ്ലിക് ലൈബ്രറി സാവിത്രി ഹാളിൽ നടക്കും. ഇതിനു പുറമേ ഉർജ്ജമിത്ര കേന്ദ്രങ്ങൾ ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി രജിസ്ട്രേഷൻ നടത്തുന്നുണ്ട്. വിശദ വിവരങ്ങൾക്ക് ഫോൺ അനെർട്ട് ജില്ലാ ഓഫീസ്: 04742797078, 9188119402.

സ്നേഹസ്പർശം പദ്ധതി, രേഖകൾ നൽകണം

ചൂഷണത്തിന് വിധേയരായ അവിവാഹിത അമ്മമാർക്ക് സഹായം നൽകുന്ന കേരള സാമൂഹ്യ സുരക്ഷ മിഷന്റെ സ്നേഹസ്പർശം പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചു. പുതിയ മാനദണ്ഡപ്രകാരം ധനസഹായം ബി.പി.എൽ വിഭാഗത്തിന് മാത്രമാകും. പ്രായപരിധി 60 വയസുവരെയാകും. നിലവിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നവരും 2018 മുതൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ആധാർ ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് പാസ്ബുക്ക്, ബി.പി.എൽ റേഷൻകാർഡ്, ആധാർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മേൽവിലാസം ഉൾപ്പെടെയുള്ള ലൈഫ് സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ഫോൺ നമ്പർ, വിവാഹിതയല്ല എന്ന തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ നേരിട്ടോ തപാൽ മുഖേനയോ 28.02.2022 ന് മുൻപായി ലഭ്യമാക്കണം. എന്നാൽ മാത്രമേ കുടിശ്ശികയുള്ള ധനസഹായം ഈ സാമ്പത്തിക വർഷം ലഭ്യമാക്കാൻ കഴിയു. ഫോൺ നം: 0471-2341200.

ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം

കേരള സാമൂഹ്യ സുരക്ഷ മിഷന്റെ സമാശ്വാസം പദ്ധതി ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന വൃക്ക രോഗികളായ ഡയലിസിസ് ചെയ്യുന്നവരും വൃക്ക/ കരൾ മാറ്റിവയ്ക്കലിന് വിധേയരായവരും ഹീമോഫീലിയ രോഗബാധിതരും അരിവാൾ രോഗികളുമായ കുടിശ്ശിക ധനസഹായം ലഭിക്കേണ്ടവരും 2018 മുതൽ ഈ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും അവരുടെ ആധാർ ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് പാസ്ബുക്ക്, ബി.പി.എൽ റേഷൻകാർഡ്, ആധാർ എന്നിവയുടെ വ്യക്തമായ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മേൽവിലാസം ഉൾപ്പെടെയുള്ള ലൈഫ് സർട്ടിഫിക്കറ്റ്, ഗുണഭോക്താവിന്റെ ഫോൺ നമ്പർ എന്നിവ സഹൈമൊമംമൈമൊ@ഴാമശഹ.രീാ എന്ന മെയിൽ ഐ.ഡിയിലോ, നേരിട്ടോ, തപാൽ മുഖേനയോ ഫെബ്രുവരി 28ന് മുൻപായി ലഭ്യമാക്കണം.

ഇതു ലഭ്യമാക്കിയാൽ മാത്രമേ ധനസഹായം ഈ സാമ്പത്തിക വർഷം അനുവദിക്കാൻ കഴിയൂ എന്ന് അധികൃതർ അറിയിച്ചു. ഫോൺ: 0471-2341200.

സാക്ഷരതാ മിഷൻ മാതൃഭാഷാ ദിനം ആചരിച്ചു

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ലോക മാതൃഭാഷാദിനാചരണം സംഘടിപ്പിച്ചു.

സംസ്ഥാന ഓഫീസിൽ നടന്ന പരിപാടി വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. എച്ച് സാബു അധ്യക്ഷനായി. സാക്ഷരതാ മിഷൻ ഫിനാൻസ് ഓഫീസർ ശ്രീ എസ്.അജിത് കുമാർ മാതൃഭാഷാ പ്രതിജ്ഞചൊല്ലിക്കൊടുത്തു.

സർവ ശിക്ഷ കേരള ഡയക്ടർ ഡോ.എ.ആർ സുപ്രിയ, എസ്.ഐ.ഇ.ടി. ഡയറക്ടർ ബി.അബുരാജ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

സാക്ഷരതാ മിഷൻ അസി.ഡയറക്ടർമാരായ എ. സന്ദീപ് ചന്ദ്രൻ സ്വാഗതവും, ഡോ.ജെ.വിജയമ്മ നന്ദിയും പറഞ്ഞു.

ചാത്തന്നൂർ സ്പിന്നിങ് മിൽ രണ്ടാംഘട്ട നവീകരണവും ഗ്രാറ്റുവിറ്റി വിതരണവും ഉദ്ഘാടനം ചെയ്യുന്ന മന്ത്രി പി. രാജീവ്

ഖാദിയുടെ ലേബലിൽ വ്യാജനെത്തുന്നു

ഖാദിയുടെ ലേബലിൽ വൻ തോതിൽ വ്യാജനെത്തുന്നതായി ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ പറഞ്ഞു. ഈ വിഷയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. വിലക്കുറവ് വരുത്തിയാണ് വ്യാജ ഖാദി വിൽക്കുന്നത്. പവർ ലൂമിലും മറ്റും ഉത്പാദിപ്പിച്ച് വരുന്നവയാണിത്. ഖാദിയുടെ യഥാർത്ഥ മൂല്യം സംരക്ഷിക്കാതെയാണ് ഇവ നിർമിക്കുന്നത്. കഴിഞ്ഞ വർഷം 160 കോടി രൂപയുടെ ഖാദി വിൽപനയാണ് കേരളത്തിൽ നടന്നത്. ഇതിൽ അംഗീകൃത ഖാദി സ്ഥാപനങ്ങൾ ഉത്പാദിപ്പിച്ച് വിപണിയിലെത്തിയത് 68 കോടി രൂപയുടേത് മാത്രമാണെന്ന് പി. ജയരാജൻ പറഞ്ഞു.

കഴിഞ്ഞ ഏഴു പതിറ്റാണ്ടായി മുംബയിൽ ഖാദി തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിൽ പേരു കേട്ട സ്ഥാപനമായ ഖാദി എംപോറിയത്തിന് വ്യാജ ഖാദി ഉത്പന്നങ്ങൾ വിറ്റഴിച്ചതിന് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അടുത്തിടെ വിലക്ക് ഏർപ്പെടുത്തിയിരുന്നു. ദേശീയരംഗത്തെ നേതാക്കൾ വരെ ഖാദി തുണിത്തരങ്ങൾ വാങ്ങിയിരുന്നത് ഇവിടെ നിന്നായിരുന്നു. ഇതേ സ്ഥിതി കേരളത്തിലുമുണ്ട്. ഉപഭോക്താക്കൾ അംഗീകൃത ഖാദി സ്ഥാപനങ്ങളിൽ നിന്ന് വസ്ത്രങ്ങൾ വാങ്ങുകയെന്നന്നതാണ് വ്യാജ ഖാദി കേരള വിപണിയിൽ എത്തുന്നത് തടയാനുള്ള ഒരു മാർഗം.

കേരളത്തിന്റെ പരമ്പരാഗത വ്യവസായ മേഖലയായ ഖാദി വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. എല്ലാ മേഖലയിലുമെന്നതുപോലെ കോവിഡും ഇതിന് കാരണമാണ്. ഈ മേഖലയ്ക്ക് കൈത്താങ്ങായി സർക്കാർ ശ്ളാഘനീയമായ പ്രവർത്തനമാണ് നടത്തുന്നത്. തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീമിലെ കുടിശിക നൽകാനായി പത്തു കോടി രൂപ സർക്കാർ അനുവദിച്ചു. ഇത് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകും. തൊഴിലാളികൾക്കുള്ള ഉത്പാദന ഇൻസെന്റീവ് അടുത്ത ആഴ്ച നൽകും. സർക്കാർ ജീവനക്കാരും അധ്യാപകരുമെല്ലാം ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതും ഈ വ്യവസായത്തിന് ഒരു സഹായമാണ്.

ഖാദി മേഖലയ്ക്ക് ഉണർവേകാനുള്ള നടപടികൾ ബോർഡ് കൈക്കൊള്ളുന്നുണ്ട്. പുതിയ ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ പുതിയ ഡിസൈനിലുള്ള ഉത്പന്നങ്ങൾ പുറത്തിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാർച്ച് മാസത്തോടെ ഇവ വിപണിയിലെത്തും. രണ്ടു വയസിന് മുകളിൽ പ്രായമുള്ള കുട്ടികളുടെ വസ്ത്രം, വിവാഹ വസ്ത്രങ്ങൾ, സാരി എന്നിവയിലെല്ലാം പുതിയ ഡിസൈനെത്തും. കേരളത്തിൽ മനില തുണിക്ക് വലിയ ഡിമാന്റ് ഉണ്ടാകുന്നുണ്ടെന്ന് വൈസ് ചെയർമാൻ പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി ബോർഡ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇവിടത്തെ വിദഗ്ധർ ഖാദി ഉത്പാദന കേന്ദ്രങ്ങളിൽ എത്തിയിട്ടുണ്ട്. തിരുവനന്തപുരം വഞ്ചിയൂരിൽ പുതിയ ഷോറൂം ആരംഭിക്കുമെന്നും ഓൺലൈൻ വിൽപനയിലേക്ക് ഉടൻ കടക്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ മേഖലയിൽ പുതിയതായി 20,000 തൊഴിലവസരം സൃഷ്ടിക്കാനാണ് ഖാദി ബോർഡ് ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലയിൽ സോളാർ വൈദ്യുതി ഉപയോഗിച്ച് മോട്ടോർ പ്രവർത്തിപ്പിച്ച് ഖാദി ഉത്പാദിപ്പിക്കുന്ന പൈലറ്റ് പ്രോജക്ട് ഉടൻ ആരംഭിക്കും.

ഹിജാബ് അനുവദിക്കുന്ന പ്രശ്നമില്ലെന്ന് കർണാടക

ബംഗളൂരു: ഹിജാബ് അനുവദിക്കുന്ന പ്രശ്നമില്ലെന്ന് കർണാടക. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു കാരണവശാലും ഹിജാബ് അനുവദിക്കില്ല. ഹിജാബ് മതാചാരങ്ങളുടെ ഭാഗമല്ലെന്നും കർണാടക സർക്കാർ ഹൈക്കോടതിയെ അറിയിച്ചു.

വസ്ത്രവും ഭക്ഷണവും മതാചാരങ്ങളുടെ ഭാഗമല്ല. പ്രത്യേക മതവിഭാഗത്തിനായി ഇളവില്ല. ശബരിമലമുത്തലാഖ് കേസുകളിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. ഖുറാൻ മുൻനിർത്തി ഹിജാബിന് വേണ്ടി വാദികുന്നതിൽ അർഥമില്ല.

ഭരണഘടനയുടെ 25ാം അനുച്ഛേദം ഹിജാബിൻറെ കാര്യത്തിൽ ബാധകമല്ല. മതാചാരത്തിൻറെ ഭാഗമെന്ന് തെളിയിക്കാൻ നിലവിൽ വസ്തുതകളില്ലെന്നും സർക്കാർ കോടതിയെ അറിയിച്ചു.

പ്ലസ് ടു അധ്യാപകർക്കു കൂട്ട സ്ഥലംമാറ്റം

കൊച്ചി: ഹയർ സെക്കൻഡറി പരീക്ഷകൾക്കു ദിവസങ്ങൾ ശേഷിക്കെ സംസ്ഥാനത്തെ ഹയർ സെക്കൻഡറി അധ്യാപകരെ കൂട്ടത്തോടെ സ്ഥലംമാറ്റുന്നു. വിദ്യാർഥികളുടെ പഠനത്തെയും പരീക്ഷയെയും ബാധിക്കാത്ത വിധത്തിൽ ഓഗസ്റ്റിനുള്ളിൽ സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കണമെന്ന ഉത്തരവ് നിലനിൽക്കെയാണ് കൂട്ട സ്ഥലംമാറ്റത്തിനു കളമൊരുങ്ങുന്നത്.

സ്ഥലംമാറ്റം സംബന്ധിച്ച് പ്രൊവിഷണൽ ലിസ്റ്റ് കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ചിരുന്നു. ഒരു വർഷം മുമ്പ് വിളിച്ച അപേക്ഷയിൽ നിന്നാണ് ലിസ്റ്റ് പുറപ്പെടുവിച്ചിരിക്കുന്നത്.

രണ്ടാഴ്ചയ്ക്കുള്ളിൽ ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കാനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നത്. മാർച്ച് 16ന് മോഡൽ പരീക്ഷ ആരംഭിക്കാനിരിക്കുകയാണ്. കോവിഡ് സാഹചര്യത്തിൽ ഈ അധ്യയന വർഷം മിക്കവാറും ദിവസങ്ങളിൽ ഓൺലൈൻ ക്ലാസുകളാണ് ഉണ്ടായിരുന്നത്. ഓഫ് ലൈൻ ക്ലാസുകൾ ആരംഭിച്ചിട്ട് ദിവസങ്ങളേ ആയിട്ടുള്ളൂ. ഈ സാഹചര്യത്തിലാണ് സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കാനുള്ള തിരക്കിട്ട ശ്രമം.

ഹയർ സെക്കൻഡറി പരീക്ഷകൾ മാർച്ച്ഏപ്രിൽ മാസങ്ങളിലാണ്. ഈ വർഷവും അതിന് മാറ്റമുണ്ടാവില്ലെന്നാണ് വിദ്യാഭ്യാസ മന്ത്രി പറഞ്ഞിരിക്കുന്നത്. സാധാരണഗതിയിൽ സ്കൂൾ വർഷം ആരംഭിക്കുന്ന വേളയിലാണ് അധ്യാപക സ്ഥലംമാറ്റം നടത്താറുള്ളത്.

ഹയർ സെക്കൻഡറി പരീക്ഷയിലെ ഇൻറേണൽ മാർക്കുകൾ നൽകുന്നത് അതതു സമയത്ത് പഠിപ്പിക്കുന്ന അധ്യാപകരാണ്. ഒരു വർഷത്തെ പഠന മികവും മറ്റു പ്രവർത്തനങ്ങളും വിലയിരുത്തിയാണ് ഇൻറേണൽ മാർക്ക് നൽകുന്നത്. മാർച്ചിൽ ട്രാൻസ്ഫർ നടക്കുകയാണെങ്കിൽ ഇത്തരം നടപടികൾ പൂർത്തിയാക്കുന്നത് അനിശ്ചിതത്വത്തിലാകും.

അധ്യാപക സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച പ്രൊവിഷണൽ ലിസ്റ്റ് സംബന്ധിച്ച് പരാതികൾ ഉയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതു പരിശോധിച്ച് വേഗത്തിൽ ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കാനാണ് ഡയറക്ടറേറ്റിൻറെ ശ്രമം. എന്നാൽ സർക്കാർ നടപടിക്കെതിരേ അധ്യാപകർ ആരെങ്കിലും കോടതിയെ സമീപിച്ചാൽ കോടതി ഉത്തരവിന് അനുസരിച്ചാവും തുടർനടപടികൾ. സംസ്ഥാനത്ത് 2015 ഓഗസ്റ്റ് 27ന് നടന്ന ഹയർ സെക്കൻഡറി ട്രാൻസ്ഫർ റദ്ദാക്കി പുതിയ ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കാൻ ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നു.

വിവാഹത്തട്ടിപ്പിലൂടെ 20 ലക്ഷം കൈക്കലാക്കിയ കണ്ണൂർ സ്വദേശി പിടിയിൽ

പാലാ : വിവാഹിതനാണെന്ന വിവരം മറച്ചുവച്ച് വീണ്ടും വിവാഹംകഴിച്ച് യുവതിയുടെ 20 ലക്ഷം രൂപ തട്ടിയെടുത്തയാളെ പാലാ പൊലീസ് പിടികൂടി. കണ്ണൂർ പോണാട് കരിങ്ങാട്ട് രാജേഷിനെ(49)യാണ് പാലാ എസ്എച്ച്ഒ കെ പി ടോംസൺ അറസ്റ്റുചെയ്തത്. തട്ടിയെടുത്ത പണവുമായി ആദ്യഭാര്യയുമൊത്ത് താമസിക്കുന്നതിനിടെയാണ് പിടിയിലായത്. വിദേശത്ത് ജോലി വാഗ്ദാനം നൽകി ജോലി നൽകാതെ നിരവധി പേരെ വഞ്ചിച്ചതിന് പ്രതിക്കെതിരെ കാസർകോട്, കണ്ണൂർ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലായി 2007 മുതൽ നിരവധി കേസുകളുണ്ട്.

തട്ടിപ്പ് കേസുകളിൽ പ്രതിയായതിനെത്തുടർന്ന് രാജേഷ് 2007ൽ എറണാകുളത്തും 2012ൽ പാലായിൽ ഭാര്യയോടൊപ്പം താമസമാരംഭിച്ചു. കരൂരിൽ ചിട്ടിക്കമ്പനി നടത്തിയ പ്രതിയുടെ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച, ഭർത്താവ് മരിച്ച രണ്ട് കുട്ടികളുടെ അമ്മയായ പൈക സ്വദേശിനിയെയാണ് 2021 ആഗസ്ത് 17ന് യുവതിയുടെ മാതാപിതാക്കളുടെ അനുവാദത്തോടെ രജിസ്റ്റർ വിവാഹം ചെയ്തത്. പിന്നീട് യുവതിയോടും രണ്ടു കുട്ടികളോടുമൊപ്പം കുറ്റില്ലത്തെ വാടകവീട്ടിൽ താമസം ആരംഭിച്ചു.

രാജേഷിന്റെ നിർദേശപ്രകാരം യുവതിയുടെ അമ്മയുടെ പേരിലുള്ള സ്ഥലം പണയപ്പെടുത്താൻ തീരുമാനിച്ചു. തുടർന്ന് അമ്മയുമായി കെഎസ്എഫ്ഇ എലിക്കുളം ബ്രാഞ്ചിലെത്തിയ രാജേഷ് കെഎസ്എഫ്ഇയിൽ തനിക്കുണ്ടായിരുന്ന ചിട്ടിയുടെ ജാമ്യപ്പേപ്പറിൽ അമ്മയെക്കൊണ്ട് ഒപ്പിടീച്ച് 20 ലക്ഷം രൂപ തന്റെ അക്കൗണ്ടിലേക്ക് മാറ്റി. തുടർന്ന് പ്രതി ആദ്യ ഭാര്യയോടും 18 വയസുള്ള മകളോടുമൊപ്പം പാലായിൽ വാടക വീട്ടിലേക്ക് താമസംമാറി. വഞ്ചിക്കപ്പെട്ടതറിഞ്ഞ് കോട്ടയം ജില്ലാ പൊലീസ് മേധാവി ഡി ശിൽപക്ക് യുവതി പരാതി നൽകുകയായിരുന്നു.

കൂവപ്പള്ളിയിലുള്ള ഒളിസങ്കേതത്തിൽ നിന്നാണ് പ്രതിയെ പിടികൂടിയത്. എസ്ഐ എം ഡി അഭിലാഷ്, എഎസ്ഐമാരായ എ ടി ഷാജി, ബിജു കെ തോമസ്, സീനിയർ സിപിഒ ഷെറിൻ സ്റ്റീഫൻ, സിപിഒ സി രഞ്ജിത് എന്നിവരും അന്വേഷകസംഘത്തിലുണ്ടായിരുന്നു. 2017ൽ വിദേശജോലി വാഗ്ദാനം ചെയ്ത് 45 ലക്ഷം രൂപ തട്ടിയെടുത്തതിന് പ്രതിക്കെതിരെ പാലാ, കുറവിലങ്ങാട് സ്റ്റേഷനുകളിൽ കേസുണ്ട്.

പഴഞ്ചിറക്കുളത്തിനോട് ചേർന്ന് ബയോ പാർക്ക് ഒരുങ്ങുന്നു

നൂറ്റാണ്ടുകൾ പഴക്കമുള്ളതും ജൈവവൈവിധ്യ കലവറയുമായ, മേൽകടയ്ക്കാവൂർ പഴഞ്ചിറക്കുളം കേന്ദ്രീകരിച്ച് ബയോ പാർക്ക് സ്ഥാപിക്കാനൊരുങ്ങി ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ ശുദ്ധജലക്കുളങ്ങളിലൊന്നായ പഴഞ്ചിറക്കുളത്തിനെ ജൈവവൈവിധ്യ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പഠനം ഇതിനോടകം ആരംഭിച്ചതായും ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.മുരളി പറഞ്ഞു. കഴിഞ്ഞ ദിവസം സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ഇവിടെ നിന്നും അപൂർവങ്ങളായ പല ജീവജാലങ്ങളെയും സസ്യവിഭാഗങ്ങളെയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

പത്തേക്കറോളം വ്യാപിച്ച് കിടക്കുന്ന കുളത്തിന് ചുറ്റും കയർ ഭൂവസ്ത്രം വിരിച്ച് തീരസംരക്ഷണം ഉറപ്പാക്കലാണ് ആദ്യഘട്ടം. കുളത്തിനുചുറ്റും ഈറ, മുള, കണ്ടൽ എന്നിവ വച്ചുപിടിപ്പിക്കുന്നതിനൊപ്പം പൂന്തോട്ട നിർമ്മാണത്തിനും പദ്ധതിയുണ്ട്. അപൂർവങ്ങളായ പലയിനം ശുദ്ധജലമത്സ്യങ്ങളുടെയും ദേശാടന പക്ഷികളുടെയും സസ്യവിഭാഗങ്ങളുടെയും കലവറകൂടിയാണ് പഴഞ്ചിറക്കുളം. ഇവയെ ആവാസവ്യവസ്ഥയോടൊപ്പം തന്നെ സംരക്ഷിക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. എത്ര കടുത്ത വേനലിലും വറ്റാത്ത കുളത്തിലെ ജലം കാർഷിക ആവശ്യങ്ങൾക്ക് നേരത്തെ തന്നെ ഉപയോഗിക്കുന്നുണ്ട്. ഇത് വിപുലീകരിക്കാൻ കഴിയുമോയെന്നും പരിശോധിക്കും. ഇതിന് പുറമെ പഞ്ചായത്തിലെ കാവുകളുടെയും മറ്റ് ജലാശയങ്ങളുടെയും സംരക്ഷണവും പുനർനിർമാണവും പരിഗണനയിലുണ്ട്. ചിറയിൻകീഴിലെ വിനോദസഞ്ചാര വികസനത്തിന് പഴഞ്ചിറക്കുളം ബയോ പാർക്ക് നിർമ്മാണം മുതൽക്കൂട്ടാകുമെന്നും പ്രസിഡന്റ് പറഞ്ഞു.

വിവിധ മേഖലകളിലെ ഇരുപത്തിയഞ്ചോളം പേർ ആറ് സംഘങ്ങളായി കഴിഞ്ഞ ദിവസം പഴഞ്ചിറക്കുളത്തിലും സമീപ പ്രദേശങ്ങളിലും നടത്തിയ വിവര സമാഹരണത്തിൽ നിരവധി ജീവജാലങ്ങളെ കണ്ടെത്തിയിരുന്നു. വിവിധങ്ങളായ സസ്യജാലങ്ങൾ, ചിത്രശലഭങ്ങൾ, ദേശാടന പക്ഷികൾ, തുമ്പികൾ തുടങ്ങിയവയെ ഇവിടെ നിന്നും കണ്ടെത്തിയിട്ടുണ്ട്. കുളത്തിലെ സൂക്ഷ്മ ജീവികളെക്കുറിച്ചുള്ള പഠനം ആവശ്യമെങ്കിൽ നടത്തുമെന്നും അധികൃതർ അറിയിച്ചു.

പേഴ്സണൽ സ്റ്റാഫ് പെൻഷൻ നിർത്തില്ല: കോടിയേരി ബാലകൃഷ്ണൻ

തിരുവനന്തപുരം: ഗവർണർ പറഞ്ഞതുകൊണ്ട് പേഴ്സണൽ സ്റ്റാഫിൻറെ പെൻഷൻ നിർത്തലാക്കാൻ പോകുന്നില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ.

ഗവർണർക്ക് അഭിപ്രായം ചോദിക്കാൻ അവകാശമുണ്ട്. വസ്തുതകൾ മനസിലാക്കാനാണ് അതു ചോദിക്കുന്നതെങ്കിൽ തെറ്റില്ല. സംസ്ഥാനത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന് പെൻഷൻ നൽകുന്ന കാര്യം ഗവർണർ അടുത്തിടെയായിരിക്കും മനസിലാക്കിയിരിക്കുക. എന്നാൽ 1994 മുതൽ പേഴ്സണൽ സ്റ്റാഫിന് പെൻഷൻ ഉണ്ട്.

പേഴ്സണൽ സ്റ്റാഫ് പെൻഷൻ മാറിമാറി വന്ന എല്ലാ സർക്കാരുകളും അംഗീകരിച്ചിട്ടുള്ള നടപടിക്രമമാണ്. പേഴ്സണൽ സ്റ്റാഫിലെ വലിയൊരു വിഭാഗം സർക്കാർ സർവീസിലുള്ളവരാണ്. രണ്ടു വർഷം കഴിഞ്ഞാൽ പേഴ്സണൽ സ്റ്റാഫിനെ മാറ്റി നിയമിക്കുന്നു എന്നത് തെറ്റായ വിവരത്തിൻറെ അടിസ്ഥാനത്തിൽ പറയുന്നതാകാം. അഞ്ചു വർഷത്തേക്കുള്ള നിയമനമാണ് നടക്കുന്നത്. ഗവർണർ പറഞ്ഞ ഒരു മാസം കഴിഞ്ഞാലും എല്ലാവരും ഇവിടെയുണ്ടാകുമെന്നും കോടിയേരി പത്രസമ്മേളനത്തിൽ പറഞ്ഞു.

പേഴ്സണൽ സ്റ്റാഫിന് പെൻഷൻ എന്നത് യുഡിഎഫും എൽഡിഎഫും അംഗീകരിച്ചതാണ്. യുഡിഎഫിൻറെ കാലത്താണ് അതു വന്നത്. എൽഡിഎഫും അത് തുടർന്നു. അത് നിർത്തലാക്കാൻ സാധിക്കുന്ന കാര്യമല്ല. ഭരണഘടനാപരമായി ഗവർണർ പറയുന്ന കാര്യങ്ങൾ അംഗീകരിക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. അതിൽ നിന്ന് വ്യത്യസ്തമായി ഗവർണർ പറഞ്ഞാൽ സർക്കാർ അംഗീകരിക്കില്ല. ഗവർണറുടെ സ്റ്റാഫിൽ ആരു വേണമെന്ന് തീരുമാനിക്കേണ്ടത് ഗവർണറാണ്. മന്ത്രിമാരുടെ സ്റ്റാഫിൽ ആരു വേണമെന്ന് തീരുമാനിക്കേണ്ടത് മന്ത്രിമാരാണെന്ന് അദ്ദേഹം പറഞ്ഞു.

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ ഉദ്ദേശിക്കുന്നില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. പിഎസ്സി റാങ്ക് ഹോൾഡർമാരുടെ എണ്ണം വളരെ കൂടുതലാണ്. ഈ പശ്ചാത്തലത്തിൽ പെൻഷൻ പ്രായം ഉയർത്തുക എന്നത് സ്വീകാര്യമല്ല.

പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്: അപേക്ഷ ക്ഷണിച്ചു

ജില്ലയിലെ നിർധനരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമാക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. എം.എ, എം. കോം, ബി.എസ്.സി.നഴ്സിങ്, എം.ബി.ബി.എസ്, ബി.ടെക് കോഴ്സുകളിലെ ആദ്യവർഷ വിദ്യാർഥികൾക്ക് അപേക്ഷിക്കാം. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം നിർദിഷ്ട കോഴ്സിൽ പഠനം നടത്തുന്നു എന്ന് സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, ജാതി, വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം എന്നിവ സമർപ്പിക്കണമെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു. അപേക്ഷ അയക്കേണ്ട വിലാസം: പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി ഓഫീസ്, സത്രം ജംഗ്ഷൻ, നെടുമങ്ങാട് 695541. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 25. കൂടുതൽ വിവരങ്ങൾക്ക് :04722812557.

കോർബെ വാക്സിന് അനുമതി; കുട്ടികൾക്കും കൗമാരക്കാർക്കും ഉപയോഗിക്കാം

ന്യൂഡൽഹി: രാജ്യത്ത് ഒരു കോവിഡ് പ്രതിരോധ വാക്സിന് കൂടി അനുമതി. 12 മുതൽ 18 വയസ് വരെയുള്ളവർക്കുള്ള കോർബെ വാക്സിന് ഡിസിജെഐ അനുമതി നൽകിയത്. ബയോളജിക്കൽ ഇ ലിമിറ്റഡ് കമ്പനിയുടേതാണ് കോർബെ വാക്സിൻ.

അടിയന്തര ഉപയോഗത്തിനുള്ള അനുമതിയാണ് ലഭിച്ചിരിക്കുന്നത്. രാജ്യത്തിൻറെ കോവിഡ് പോരാട്ടങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തു പകരുന്ന നടപടിയാണുണ്ടായിട്ടുള്ളതെന്നാണ് കമ്പനി വ്യക്തമാക്കുന്നത്.

കൗമാരക്കാർക്ക് നൽകാൻ അനുമതി ലഭിച്ച രണ്ടാമത്തെ വാക്സിനാണ് കോർബെ. 0.5 മില്ലി വീതമുള്ള രണ്ടു ഡോസുകൾ 28 ദിവസത്തിൻറെ ഇടവേളയിലാണ് നൽകുക. നേരത്തെ കോവാക്സിൻ കൗമാരക്കാരിൽ ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നു.

എന്നാൽ 15 മുതൽ 18 വയസുവരെയുള്ളവർക്ക് മാത്രമായിരുന്നു കോവാക്സിൻ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നത്.

വിദേശികൾക്ക് സ്വാഗതം; അതിർത്തികൾ വീണ്ടും തുറന്ന് ഓസ്ട്രേലിയ

മെൽബൺ: രണ്ട് വർഷത്തിന് ശേഷം അന്താരാഷ്ട്ര അതിർത്തി വീണ്ടും തുറന്ന് ഓസ്ട്രേലിയ. നൂറുകണക്കിന് വിദേശികളുമായി ഇന്നു മുതൽ സിഡ്നി വിമാനത്താവളത്തിൽ വിമാനങ്ങൾ എത്തിത്തുടങ്ങി. ഏറെ നാളുകൾക്ക് ശേഷം കാണുന്ന പ്രിയപ്പെട്ടവരെ പലരും ആലിംഗനം ചെയ്താണ് സ്വീകരിക്കുന്നത്.

കൊറോണ വൈറസ് വ്യാപനം പ്രതിരോധിക്കുന്നതിൻറെ ഭാഗമായി 2020 മാർച്ചിലാണ് വിവിധ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഓസ്ട്രേലിയ യാത്രാവിലക്ക് ഏർപ്പെടുത്തിയത്. രണ്ട് കൊല്ലത്തിനിപ്പുറമാണ് നിയന്ത്രണങ്ങൾ പൂർണമായും നീക്കിയത്.ഇന്നു മുതൽ ടൂറിസ്റ്റ് വീസയുള്ളവർക്കും രാജ്യത്തേക്ക് പ്രവേശനം അനുവദിക്കും.

ഓസ്ട്രേലിയയിൽ ഉള്ളവരുടെ കുടുംബാംഗങ്ങൾക്കുൾപ്പെടെ കഴിഞ്ഞ വർഷം അവസാനം മുതൽ മടങ്ങാൻ അനുമതി ലഭിച്ചിരുന്നു. എന്നാൽ മിക്ക വിദേശികൾക്കും കാത്തിരിക്കേണ്ടി വന്നിരുന്നു. നിയന്ത്രണങ്ങൾ നീക്കിയതോടെ നിരവധി വിദേശികളാണ് ഓസ്ട്രേലിയയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. രണ്ട് ഡോസ് വാക്സിനും സ്വീകരിച്ചവർക്ക് ക്വാറൻറൈൻ ആവശ്യമില്ല. എന്നാൽ വാക്സിനേഷൻ എടുക്കാത്ത യാത്രക്കാർ സ്വന്തം ചെലവിൽ 14 ദിവസം വരെ ഹോട്ടലിൽ അത് ചെയ്യണം.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.